മി. സ്പീക്കർ: ഓർഡർ......ഓർഡർ...... ചോദ്യം നമ്പർ (*241)

## കായൽ ടൂറിസത്തിന്റെ സാധ്യതകൾ

1 (*241) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ ചുമതലപ്പെടുത്തിയ പ്രകാരം (ശ്രീ. എച്ച്. സലാം):
ശ്രീമതി ദെലീമ:
ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ:
ഡോ. സുജിത് വിജയൻപിള്ള: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കായൽ ടൂറിസത്തിന്റെ നിലവിലുള്ള സാധ്യതകൾ പൂർണ്ണമായും വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ സുരക്ഷിതമായ കായൽ ടൂറിസത്തിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ;

(ബി) ഹൗസ് ബോട്ടുകളുടെ എണ്ണം ക്രമീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ അത്തരം ക്രമീകരണത്തിനുള്ള മാനദണ്ഡം അറിയിക്കുമോ;

(സി) കായലുകളുടെ ക്യാരിയിംഗ് കപ്പാസിറ്റി വർദ്ധിപ്പിക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികളുടെ വിശദാംശം അറിയിക്കുമോ;

(ഡി) ഹൗസ് ബോട്ടുകൾ മുഖേന കായലിൽ ഉണ്ടാകുന്ന മാലിന്യങ്ങൾ

സംസ്കരിക്കുന്നതിന് വിനോദസഞ്ചാര വകുപ്പ് സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കുമോ?

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ,

(എ) സംസ്ഥാനത്ത് കായൽ ടൂറിസത്തിന്റെ സാധ്യതകൾ ടൂറിസം വകുപ്പ് വിലയിരുത്തിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി കേരളത്തിലെ കായൽ മേഖലയിൽ വൈവിധ്യമാർന്ന ടൂറിസം പദ്ധതികൾ ടൂറിസം വകുപ്പിന്റെ നേതൃത്വത്തിൽ സജ്ജമാക്കിയിട്ടുണ്ട്. കായൽ ടൂറിസത്തിന്റെ സാധ്യതകളെ ഫലപ്രദമായി ഉപയോഗപ്പെടുത്തുവാനാണ് കേരള ടൂറിസം ഹൗസ് ബോട്ടുകളെ ടൂറിസം മേഖലയ്ക്ക് പരിചിതമാക്കിയത്. ലോകത്തിൽ കേരള ടൂറിസത്തിന്റെ പ്രധാനപ്പെട്ട ടൂറിസം ഉൽപ്പന്നമായി ഹൗസ് ബോട്ടുകൾ മാറിക്കഴിഞ്ഞു. ക്യാമ്പയിനുകളുടെ മുഖമായി ഹൗസ് ബോട്ടുകളെ അവതരിപ്പിക്കുകയും ചെയ്തിട്ടുണ്ട്. നേരത്തെ പ്രധാനമായും ആലപ്പുഴ, കുട്ടനാട്, അപ്പർ കുട്ടനാട് മേഖലയിൽ കേന്ദ്രീകരിച്ചിരുന്ന ഹൗസ് ബോട്ടുകൾ ഇന്ന് സംസ്ഥാനത്തിന്റെ ഇതര കായൽ മേഖലകളിലേയ്ക്കും വ്യാപിച്ചിട്ടുണ്ട്. വിവിധ ജില്ലകളിലെ കായലുകളും

ജലാശയങ്ങളും കേന്ദ്രീകരിച്ച് ഹൗസ് ബോട്ടുകളുടെ സാന്നിധ്യം സജീവമാണ്. ഹൗസ് ബോട്ടുകൾക്കൊപ്പം ചെറുവഞ്ചികൾ, സ്പീഡ് ബോട്ടുകൾ തുടങ്ങിയവയും കായൽ ടൂറിസം മേഖലയിൽ വിനോദസഞ്ചാരികളെ ആകർഷിച്ചുവരുന്നു. കായലുകൾക്ക് പുറമെ കായലുകളോട് ചേർന്ന ഇടപ്രദേശങ്ങളും (തോടുകൾ) സഞ്ചാരികളെ വൻതോതിൽ ആകർഷിക്കുന്നുണ്ട്.

കായൽ ടൂറിസം പ്രോത്സാഹിപ്പിക്കാൻ വിനോദസഞ്ചാര വകുപ്പ് വൈവിധ്യമാർന്ന പദ്ധതികൾ നടപ്പാക്കുന്നുണ്ട്. ചാംപ്യൻസ് ബോട്ട് ലീഗിന് രൂപം നൽകുകവഴിയും കായൽ ടൂറിസത്തിന്റെ സാധ്യതകളെ പ്രയോജനപ്പെടുത്താൻ ശ്രമിച്ചിട്ടുണ്ട്. അതോടൊപ്പം കൊച്ചിയിൽ ആരംഭിച്ച വാട്ടർ മെട്രോ, കായൽ ടൂറിസം മേഖലയിൽ വലിയ കുതിപ്പാണ് ഉണ്ടാക്കിയത്. വിദേശ സഞ്ചാരികളെയടക്കം വാട്ടർ മെട്രോ ആകർഷിക്കുന്ന ഒന്നായി മാറി.

കായൽ ടൂറിസം മേഖലയുടെ സുരക്ഷിതത്വം ഉറപ്പുവരുത്താൻ വിനോദസഞ്ചാര വകുപ്പും തുറമുഖ വകുപ്പിനുകീഴിലുള്ള കേരള മാരിടൈം ബോർഡും ചേർന്ന് വിവിധ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

(ബി) ഹൗസ് ബോട്ടുകളുടെ സർവ്വേ, രജിസ്ട്രേഷൻ എന്നിവ കേരള മാരിടൈം ബോർഡിന്റെ ചുമതലയിലാണ്. തുറമുഖ വകുപ്പ് അതിൽ നല്ല നിലയിൽ ഇടപെട്ടുവരുന്നു. ഹൗസ് ബോട്ടുകളുടെ എണ്ണം തിട്ടപ്പെടുത്താനുള്ള നടപടികൾ സ്വീകരിച്ചുവരുന്നതായി കേരള മാരിടൈം ബോർഡ് അറിയിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട തുറമുഖ വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ സംയുക്തമായൊരു യോഗം നടത്തി സുപ്രധാനമായ ചില തീരുമാനങ്ങൾ കൈക്കൊണ്ടിട്ടുണ്ട്.

(സി) കായലുകളുടെ ക്യാരിയിംഗ് കപ്പാസിറ്റി വർദ്ധിപ്പിക്കാനായി ഡ്രെഡ്ജിംഗ് നടത്താനും കായലിൽ അടിഞ്ഞുകൂടിക്കിടക്കുന്ന പോള ശാസ്ത്രീയമായി നീക്കാനുമുള്ള നടപടികൾ സ്വീകരിക്കാൻ 22-01-2024-ൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ തീരുമാനമായിരുന്നു. എന്നാൽ പ്രസ്തുത യോഗതീരുമാനപ്രകാരമുള്ള തുടർനടപടികൾക്ക് ബഹുമാനപ്പെട്ട കേരള ഹൈക്കോടതി ഇടക്കാല സ്റ്റേ അനുവദിച്ചു; ഈ സ്റ്റേ നീക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) കായൽ ടൂറിസം നേരിടുന്ന പ്രധാന വെല്ലുവിളികളിൽ ഒന്നാണ് മാലിന്യ സംസ്കരണം. ഹൗസ് ബോട്ടുകളിലെ മാലിന്യങ്ങൾ സംസ്കരിക്കാൻ ആവശ്യമായ പരിശീലനവും നിർദ്ദേശങ്ങളും ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിൽ (ഡി.ടി.പി.സി.) മുഖേന ഹൗസ് ബോട്ട് ഉടമകൾക്കും ജീവനക്കാർക്കും നൽകുന്നുണ്ട്.

ഹൗസ് ബോട്ടുകളിൽനിന്നുള്ള മാലിന്യം സംസ്കരിക്കാൻ നിലവിൽ കോട്ടയം ജില്ലയിൽ കുമരകത്ത് സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റ് (എസ്.ടി.പി.) പ്രവർത്തിക്കുന്നുണ്ട്. ആലപ്പുഴ എച്ച് ബ്ലോക്കിലെയും വട്ടക്കായലിലെയും എസ്.ടി.പി. വീണ്ടും പ്രവർത്തനക്ഷമമാക്കാൻ നടപടി ആരംഭിച്ചിട്ടുണ്ട്.

<u>ശ്രീ. എച്ച്. സലാം</u>: സർ, കേരളത്തിലെ കായൽ ടൂറിസത്തിന് ഹൗസ് ബോട്ട് പോലെ വളരെ പ്രധാനപ്പെട്ട ഒന്നായി കൊച്ചി വാട്ടർ മെട്രോ മാറിക്കഴിഞ്ഞിട്ടുണ്ട്. സഞ്ചാരികൾക്കിടയിൽ വലിയ സ്വീകാര്യതയാണ് വാട്ടർ മെട്രോയ്ക്ക് ലഭിച്ചത്. യാത്രാ ഉപാധിയെന്ന നിലയിലാണ് വാട്ടർ മെട്രോ അവതരിപ്പിച്ചതെങ്കിലും മറ്റ് ടൂറിസം സാധ്യതകൾകൂടി മനസ്സിലാക്കി ഇത്തരം

നൂതന സംരംഭങ്ങൾ ടൂറിസം മേഖലയിലേയ്ക്ക് വ്യാപിപ്പിക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, കേരളത്തിലെ കായൽ ടൂറിസത്തിൽ ഹൗസ് ബോട്ട് എന്നതുപോലെ പേരുകേട്ട ഒരു ഉൽപ്പന്നമായി കൊച്ചി വാട്ടർ മെട്രോ മാറിക്കഴിഞ്ഞിട്ടുണ്ട്. നമ്മുടെ കായൽപരപ്പുകൾ ലണ്ടനിലെ വീഥികളിലൂടെ സഞ്ചരിക്കുന്ന കാഴ്ച സോഷ്യൽ മീഡിയയിൽ ഒരു ട്രെൻഡ് ആയിരുന്നു. അത്രയേറെ പ്രധാന്യമാണ് ബാക്ക്‌വാട്ടർ ടൂറിസത്തിന് അന്താരാഷ്ട്ര ക്യാമ്പയിനുകളിൽ കേരള ടൂറിസം നൽകുന്നത്. ആഭ്യന്തര-വിദേശ സഞ്ചാരികളുടെ ഏറ്റവും പ്രിയപ്പെട്ട ടൂറിസം പ്രോഡക്ടായി കേരളത്തിലെ കായലുകൾ മാറിയിരിക്കുകയാണ്. കുമരകവും ആലപ്പുഴവും അഷ്ടമുടിയും കൊച്ചിയും വലിപറമ്പും സഞ്ചാരികളുടെ ഇഷ്ടകേന്ദ്രങ്ങളാണ്. കൊച്ചി വാട്ടർ മെട്രോ കൊച്ചിയിൽ വരുന്ന സഞ്ചാരികൾക്ക് പുതിയൊരു അനുഭവമായി മാറിയിട്ടുണ്ട്. പരിസ്ഥിതി സൗഹൃദമായ ഇത്തരം നൂതന ആശയങ്ങൾ കേരളത്തിന്റെ വിനോദസഞ്ചാര മേഖലയിൽ നടപ്പിലാക്കാൻ ശ്രമിക്കും. ലക്ഷ്വറി യാട്ടുകൾ, വിവിധതരം ആഡംബര മിനി ലേക്ക് ക്രൂയിസുകൾ,

രാത്രിയിൽ പ്രവർത്തിക്കുന്ന ഡിന്നർ ക്രൂയിസുകൾ എന്നിവകൂടി കേരളത്തിൽ നടപ്പിലാക്കാൻ മാരിടൈം ബോർഡുമായി കൂടിയാലോചന നടത്തിയിരുന്നു. ബഹുമാന്യനായ തുറമുഖ വകുപ്പുമന്ത്രി ഈ യോഗത്തിൽ വളരെ പ്രധാനപ്പെട്ട ചില തീരുമാനങ്ങൾ കൈക്കൊള്ളുമെന്ന് അറിയിച്ചിരുന്നു. അദ്ദേഹം അതിന്റെ ഫോളോ അപ്പും നടത്തിയിട്ടുണ്ട്. ഇതിലെല്ലാം പരിസ്ഥിതി സൗഹൃദമായി പ്രവർത്തിക്കുന്നവരെ പ്രോത്സാഹിക്കാൻ പദ്ധതികൾ ആവിഷ്കരിക്കുന്ന കാര്യവും പരിശോധിക്കുന്നതാണ്. കേരളത്തെ ഒരു ടൂറിസം ഇന്നവേഷൻ ഹബ്ബാക്കാൻ കേരള ടൂറിസത്തിന്റെ ചരിത്രത്തിലാദ്യമായി സ്റ്റാർട്ടപ്പുകൾക്ക് ഇൻസെന്റീവ് കൊടുക്കാൻ തീരുമാനിച്ച വിവരം സഭയെ അറിയിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. നൂതന ആശയങ്ങളെയും സംരംഭകരെയും പ്രോത്സാഹിപ്പിക്കാൻ ടൂറിസം വകുപ്പ് ശ്രമിക്കുമ്പോൾ വളരെ പോസിറ്റീവായിത്തന്നെ കാര്യങ്ങൾ കണ്ട് മുന്നോട്ടുപോകണമെന്നുള്ളത് പ്രത്യേകമായി ചൂണ്ടിക്കാണിക്കുന്നു.

ശ്രീ. എച്ച്. സലാം: സർ, ആലപ്പുഴ, കൊല്ലം, കോട്ടയം തുടങ്ങിയ കായൽ ടൂറിസ മേഖലയിൽ എത്തുന്ന സഞ്ചാരികൾ കേവലം ഹൗസ് ബോട്ടിൽമാത്രം

യാത്ര ചെയ്തുപോകുന്ന രീതിയാണ് കണ്ടുവരുന്നത്. മറ്റ് വിനോദസഞ്ചാര സാധ്യതകൾ ഉപയോഗപ്പെടുത്താൻ കഴിയുന്നില്ല. കായൽ/ജല ടൂറിസത്തിന്റെ ഭംഗി ആസ്വദിക്കുന്നതിനൊപ്പം പ്രാദേശിക ഉൽപ്പന്നങ്ങൾ വാങ്ങാനും പ്രാദേശിക രുചിഭേദങ്ങൾ ആസ്വദിക്കാനുമുള്ള അവസരം ഒരുക്കുകയെന്ന് വളരെ പ്രധാനപ്പെട്ടതാണ്. കായൽ/ജല ടൂറിസം വിഭാവനം ചെയ്യുമ്പോൾ തദ്ദേശീയരായ ജനങ്ങളുടെ വരുമാന വർദ്ധനവ് കൂടി പരിഗണിച്ച് ഇത്തരം കാര്യങ്ങളുടെ സാധ്യതകൂടി എങ്ങനെ ഉപയോഗപ്പെടുത്താൻ കഴിയുമെന്ന് വിശദീകരിക്കാമോ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, കായൽ ടൂറിസത്തിന്റെ സാധ്യതകളെ പരമാവധി ഉപയോഗപ്പെടുത്താനാണ് ടൂറിസം വകുപ്പ് ശ്രമിക്കുന്നത്. നിലവിൽ കേരള ഉത്തരവാദിത്ത ടൂറിസം മിഷൻ സൊസൈറ്റിയുടെ ഭാഗത്തുനിന്നുള്ള വ്യത്യസ്തമായ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. ഇതിന് ഏറ്റവും നല്ലൊരു ഉദാഹരണമാണ് കുമരകം. കുമരകം എന്ന കായൽ ടൂറിസം ഡെസ്റ്റിനേഷനെ ലോകത്തെതന്നെ ഏറ്റവും മികച്ച ഉത്തരവാദിത്ത ടൂറിസം കേന്ദ്രമായി പ്രഖ്യാപിച്ചിട്ടുണ്ട്. ഹൗസ് ബോട്ട്

യാത്രകൾ, ശിക്കാര യാത്രകൾ എന്നിവയ്ക്കുപുറമെ വിനോദസഞ്ചാരികൾക്ക് കായലിലൂടെ സഞ്ചരിച്ച് തദ്ദേശീയ ഭവനങ്ങളിലെത്തി പരമ്പരാഗത തൊഴിലുകളുടെയും മറ്റും നവ്യാനുഭവങ്ങൾ സമ്മാനിക്കുന്ന വില്ലേജ് ലൈഫ് എക്സ്പീരിയൻസ് പാക്കേജുകൾ ലോകത്ത് ഏറ്റവും ശ്രദ്ധേയമായി മാറിയ കേരള ഉത്തരവാദിത്ത ടൂറിസം മിഷൻ സൊസൈറ്റിയുടെ പാക്കേജുകളാണ്. കുമരകത്തിന്റെ കായൽ ടൂറിസം സാധ്യതകൾക്കുപുറമെ അയ്മനം മോഡൽ ഉത്തരവാദിത്ത ടൂറിസം ഗ്രാമത്തിൽ കായൽ ടൂറിസത്തിന്റെ വിവിധ സാധ്യതകൾ, കേരള ഉത്തരവാദിത്ത ടൂറിസം മിഷൻ സൊസൈറ്റി കാഴ്ചവച്ചിട്ടുണ്ട്. മറവൻതുരത്ത്, വൈക്കം, ചെമ്പ്, പെരുമ്പളം, ബേക്കൽ, വലിയപറമ്പ തുടങ്ങിയ പ്രദേശങ്ങളിലെല്ലാം കായൽ ടൂറിസവുമായി ബന്ധപ്പെട്ട വ്യത്യസ്ത ടൂർ പാക്കേജുകളും പ്രവർത്തനങ്ങളും കേരള ഉത്തരവാദിത്ത ടൂറിസം മിഷൻ സൊസൈറ്റി നടത്തിവരുന്നുണ്ട്. ഇവയിൽ പലതും സാർവ്വദേശീയമായ അംഗീകാരങ്ങൾവരെ നേടിയിട്ടുണ്ട്. കായലുമായി ബന്ധപ്പെട്ട വ്യത്യസ്ത മത്സ്യവിഭവങ്ങളും പരമ്പരാഗത ഭക്ഷണങ്ങളുമെല്ലാം വിനോദസഞ്ചാരികൾക്ക് അനുഭവവേദ്യമാക്കുംവിധം കേരള ഉത്തരവാദിത്ത ടൂറിസം മിഷൻ സൊസൈറ്റി,

'എക്സ്പീരിയൻസ് എത്നിക് ക്യൂസീൻ' എന്ന പ്രോഗ്രാമിലൂടെ മുന്നോട്ടുപോകുന്നു.

ശ്രീമതി ദെലീമ: സർ, ആലപ്പുഴ ജില്ലയിലെ ഏറ്റവും മനോഹരമായ പെരുമ്പളം ദ്വീപിൽ ഇപ്പോൾ പാലംകൂടി സാധ്യമാകുകയാണ്. ദ്വീപ് നിവാസികളുടെ ചിരകാല അഭിലാഷം ഈ വർഷം സഫലീകരിക്കാനാകുമെന്ന പ്രതീക്ഷയിലാണ്. പാലം വരുന്നതോടെ പെരുമ്പളത്തിന്റെ ടൂറിസം സാധ്യതകൾ വർദ്ധിക്കുകയാണ്. അതിനായി പ്രത്യേകമായി പദ്ധതികൾ ആവിഷ്കരിക്കുമോ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, ഏഷ്യയിലെ ഏറ്റവും നീളം കൂടിയ കായലുകളിലൊന്നാണ് വേമ്പനാട് കായൽ. വേമ്പനാട് കായലിൽ സ്ഥിതിചെയ്യുന്ന പെരുമ്പളം ദ്വീപ് കേരളത്തിലെ കായലുകളിലെ ഏറ്റവും വലിയ ദ്വീപാണ്. പെരുമ്പളം പാലവും വേമ്പനാട് കായലിന്റെ കാഴ്ചകളും ദ്വീപിലെ ജീവിതവുമെല്ലാം അനുഭവവേദ്യ ടൂറിസം പ്രോഡക്ടുകളാണ്. പാലം യാഥാർത്ഥ്യമാകുന്നതോടെ ദ്വീപിലേയ്ക്ക് സഞ്ചാരികൾക്കും എത്തിച്ചേരാം. ഉത്തരവാദിത്ത ടൂറിസം മിഷന്റെ സഹായത്തോടെ ഒരു ടൂറിസം ഗ്രാമമായി

ദ്വീപിനെ മാറ്റിയെടുക്കാനുള്ള ശ്രമം ടൂറിസം വകുപ്പ് നടത്തുമെന്നുള്ളത് സഭയെ അറിയിക്കാൻ ആഗ്രഹിക്കുകയാണ്. ദ്വീപിന്റെ മനോഹരമായ ഗ്രാമജീവിതം തന്നെയാണ് ഇവിടുത്തെ പ്രധാന ടൂറിസം പ്രോഡക്ട്. ഇത് കുമരകം മാതൃകയിൽ ഒരു ഉത്തരവാദിത്ത ടൂറിസം ഡെസ്റ്റിനേഷനായി വളർത്തുവാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്.

ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ: സർ, വൈപ്പിൻ നിയോജകമണ്ഡലത്തിലെ വളരെ മനോഹരമായ ഒരു പഞ്ചായത്താണ് കടമക്കുടി. ചില പ്രത്യേക സീസണിൽ ജമ്മു & കാശ്മീരിൽനിന്നും ഹിമാലയസാനുക്കളിൽനിന്നുമെല്ലാം നൂറിൽപ്പരം പക്ഷികൾ വന്നിറങ്ങുന്ന പ്രധാനപ്പെട്ട ഇടമാണിത്. കായൽ ടൂറിസത്തിനും അനുഭവവേദ്യ ടൂറിസത്തിനും മികച്ച സാധ്യതകളുള്ള കടമക്കുടി സംസ്ഥാനത്തെ പ്രധാന വിനോദസഞ്ചാര കേന്ദ്രമായി മാറിക്കഴിഞ്ഞു. കടമക്കുടിയിലെയും പരിസരത്തെയും ടൂറിസം സാധ്യതകൾ പ്രയോജനപ്പെടുത്താൻ ബഡ്ജറ്റിൽ പ്രത്യേകമായി ഫണ്ട് വകയിരുത്തിയിട്ടുണ്ട്. കടമക്കുടിയിലെ ടൂറിസം സാധ്യതകൾ

പ്രയോജനപ്പെടുത്താനുള്ള പദ്ധതി ആരംഭിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, ചിതറിക്കിടക്കുന്ന കൊച്ചുദ്വീപുകളും ചെമ്മീൻ കെട്ടുകളും ചീനവലയുമൊക്കെയായി മാജിക്കൽ എന്നുപറയാവുന്ന ഒരു അപ്കമിംഗ് ഡെസ്റ്റിനേഷനാണ് കടമക്കുടി. ഈ വിനോദസഞ്ചാര സാധ്യത മുന്നിൽക്കണ്ടാണ് ബഡ്ജറ്റിൽ ഫണ്ട് വകയിരുത്തിയിട്ടുള്ളത്. അടിസ്ഥാനസൗകര്യങ്ങളൊരുക്കി കായലിന് ചുറ്റുമുള്ള വിവിധ ആക്ടിവിറ്റീസെല്ലാം ഉൾപ്പെടുത്തി ഉത്തരവാദിത്ത ടൂറിസം മാതൃകയിൽ ഒരു പ്രോജക്ട് ഉടനെ യാഥാർത്ഥ്യമാക്കാനുള്ള ഇടപെടൽ ടൂറിസം വകുപ്പ് നടത്തുമെന്ന് അറിയിക്കുകയാണ്. അനുഭവവേദ്യ ടൂറിസം അതിന്റെ ഏറ്റവും ഭംഗിയുള്ള രീതിയിൽത്തന്നെ നടപ്പിലാക്കാൻ വിദഗ്ധ അഭിപ്രായം തേടുന്നതാണ്. കായലിന് ചുറ്റുമുള്ള ജീവിതം, കള്ളുചെത്ത്, സീ ഫുഡ് എക്സ്പീരിയൻസ് എന്നിങ്ങനെ വൈവിധ്യമായ ആക്ടിവിറ്റീസ് സഞ്ചാരികൾക്ക് അനുഭവിക്കാൻ സാധിക്കും. ഇവിടെ പ്രത്യേകമായ പദ്ധതി തയ്യാറാക്കുന്നത് സംബന്ധിച്ച് പരിശോധിക്കാൻ ടൂറിസം ഡയറക്ടറെ ചുമതലപ്പെടുത്തുന്നതാണ്.

<u>ഡോ. സുജിത് വിജയൻപിള്ള</u>: സർ, അഷ്ടമുടിക്കായൽ ഇതിനോടകംതന്നെ ടൂറിസം ഭൂപടത്തിൽ ശ്രദ്ധ നേടിയിട്ടുണ്ട്. സാമ്പ്രാണിക്കോടിയിലും മൺറോതുരുത്തിലുമൊക്കെ നിരവധി തദ്ദേശീയരായിട്ടുള്ള ടൂറിസ്റ്റുകൾ മറ്റ് ജില്ലകളിൽനിന്നും സംസ്ഥാനങ്ങളിൽനിന്നും വരുന്നുണ്ട്. ദി ലീല അഷ്ടമുടി ഹോട്ടലും ചവറ സൗത്തിലെ മഹീന്ദ്ര റിസോർട്ടുമൊക്കെ അടിസ്ഥാനസൗകര്യങ്ങളും ഒരുക്കുന്നുണ്ട്. ഡെസ്റ്റിനേഷൻ മാർക്കറ്റ് ചെയ്യുന്നതിനും കൂടുതൽ അടിസ്ഥാനസൗകര്യങ്ങൾ ഒരുക്കുന്നതിനും ടൂറിസം വകുപ്പ് എന്തെല്ലാം പദ്ധതികളാണ് ഉദ്ദേശിക്കുന്നത്?

<u>ശ്രീ. പി. എ. മുഹമ്മദ് റിയാസ്</u>: സർ, കേരളത്തിലെ ടൂറിസം മേഖലയിലെ ഒരു പ്രധാനപ്പെട്ട കേന്ദ്രമായിട്ടാണ് അഷ്ടമുടിക്കായലിനെ കാണുന്നത്. നിരവധി ടൂറിസ്റ്റ് കേന്ദ്രങ്ങൾ അഷ്ടമുടിക്കായൽ കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്നുണ്ട്. അതിനെക്കുറിച്ച് വളരെ വിശദമായി സൂചിപ്പിക്കുന്നില്ല. അവിടെയെല്ലാം വിദേശ സഞ്ചാരികൾകൂടി എത്തുന്നതുകൊണ്ട് മികച്ച ഹോസ്പിറ്റാലിറ്റി സംവിധാനവുമുണ്ട്. അഷ്ടമുടിക്കായലിനെ എല്ലാ നിലയിലും

ഉയർത്തിക്കൊണ്ടുവരേണ്ടതുണ്ട്. അഷ്ടമുടിക്കായൽ പനയുടെ ശാഖകളോട് സാദൃശ്യമുള്ള രീതിയിൽ 61 സ്ക്വയർ കിലോമീറ്റർ വിസ്തൃതിയിൽ പരന്നുകിടക്കുന്ന അപൂർവ്വ ഭംഗിയുള്ള പ്രദേശമെന്നുള്ള നിലയിൽ, മൺറോതുരത്തും സാമ്പ്രാണിക്കോടിയും ഒരറ്റത്ത് നീണ്ടകര ഹാർബറും ചേർന്ന് കായലിന്റെയും കടലിന്റെയും വശ്യമനോഹാരിത അനുഭവിക്കാവുന്ന കേരളത്തിലെ സുന്ദര പ്രദേശങ്ങളിലെ സ്ഥലം എന്നുള്ള നിലയിൽ എല്ലാ രീതിയിലും ഇടപെടുന്നതാണ്. ഇന്ത്യയിൽ ആദ്യമായി ഒരു ബഡ്ജറ്റിൽ ബയോഡൈവേഴ്സിറ്റി സർക്യൂട്ട് പ്രഖ്യാപിച്ചു. ആ ബയോഡൈവേഴ്സിറ്റി സർക്യൂട്ടിന് രൂപം കൊടുത്തപ്പോൾ പ്രോജക്ടിന്റെ ആദ്യഘട്ട പ്രവർത്തനങ്ങൾക്കായി 10 കോടിയിലധികം രൂപയും നീക്കിവച്ചു. ഇതിനായി 10195104/- രൂപയുടെ ഭരണാനുമതി നൽകിക്കഴിഞ്ഞു. ഈ പ്രോജക്ടിന്റെ ഒരു പ്രധാന ഭാഗമാണ് അഷ്ടമുടിക്കായൽ. അഷ്ടമുടിക്കായലിന്റെ ഇന്റർപ്രട്ടേഷൻ സെന്ററിൽ വരുന്ന സഞ്ചാരികൾക്ക് അഷ്ടമുടിയുടെ ജൈവവൈവിധ്യത്തെ പരിചയപ്പെടാനും വൈവിധ്യങ്ങളായ ടൂറുകളിലൂടെ ഇതിന്റെ മനോഹരിത നേരിട്ട് അനുഭവിക്കാനും സാധിക്കും. മൺറോതുരുത്തിന്റെ ക്യാരിയിംഗ്

കപ്പാസിറ്റി പഠനം പ്രോജക്ടിന്റെ ആദ്യഘട്ടത്തിൽ നടക്കും. സുസ്ഥിര ടൂറിസത്തിന്റെയും അനുഭവവേദ്യ ടൂറിസത്തിന്റെയും കേന്ദ്രമായി കൊല്ലം ബയോഡൈവേഴ്സിറ്റി സർക്യൂട്ട് ലോകശ്രദ്ധ ആകർഷിക്കുമെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, 2021 മുതൽ 2023 വരെ ഈ സർക്കാരിന്റെ കാലത്ത് ടൂറിസം വകുപ്പിന്റെ പരസ്യത്തിനായി 148 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. അതുപോലെ കാരവൻ ടൂറിസത്തിനായി പരസ്യയിനത്തിൽ 13 സംരംഭകർക്ക് ഏഴരലക്ഷം രൂപാവീതം 98 ലക്ഷം രൂപ സബ്സിഡിയായി അനുവദിക്കുകയും ചെയ്തിട്ടുണ്ട്. നടപ്പുസാമ്പത്തിക വർഷം മൂന്നരക്കോടി രൂപ കാരവൻ ടൂറിസത്തിനായി വകയിരുത്തിയിട്ടുമുണ്ട്. വിനോദസഞ്ചാര മേഖലയിൽ ഇത്രയും തുക ചെലവഴിച്ച സ്ഥിതിക്ക്, ടി മേഖലയിൽ ഗണ്യമായ വരുമാന വർദ്ധനവുണ്ടാകേണ്ടതാണ്. അത്തരത്തിലുള്ള വരുമാന വർദ്ധനവുണ്ടായിട്ടുണ്ടോ; കാരവൻ ടൂറിസത്തിൽനിന്ന് ഏകദേശം എത്ര വരുമാനമാണ് പ്രതീക്ഷിക്കുന്നത്?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, ടൂറിസം മേഖലയിൽ മാർക്കറ്റിംഗ് ഒരു പ്രധാനപ്പെട്ട ഘടകമാണ്. മാർക്കറ്റിംഗ് ഇല്ലാതെ ടൂറിസം മേഖല മുന്നോട്ടുകൊണ്ടുപോകാനാകില്ല. മൂന്ന് പതിറ്റാണ്ടിനുശേഷം ടൂറിസം മേഖലയിൽക്കൊണ്ടുവന്ന ഒരു പ്രോഡക്ടാണ് കാരവൻ. ചുണ്ടൻവള്ളത്തിനുശേഷം കൊണ്ടുവന്നതാണ് കാരവൻ. തുടക്കത്തിൽ അതിന്റേതായ പ്രയാസമുണ്ടാകുമെന്നുള്ളത് നേരത്തെ അറിയിച്ചിരുന്നു. എന്നാൽ അതിനെ മറികടന്ന് നമുക്ക് മുന്നോട്ടുപോകാൻ സാധിക്കും. മറ്റ് സംസ്ഥാനങ്ങളുമായി താരതമ്യം ചെയ്താൽ നമ്മൾ മാർക്കറ്റിംഗിൽ ഇനിയും പണം ചെലവഴിക്കേണ്ടതുണ്ടെന്നുള്ള അഭിപ്രായമാണുള്ളത്. വിദേശത്ത് നടക്കുന്ന പ്രധാനപ്പെട്ട ടൂറിസം മാർട്ടുകളിൽ പങ്കെടുത്ത് മുന്നോട്ടുപോകുന്നതിന്റെ വലിയ റിസൾട്ട് വരുന്നുണ്ട്. അതിന്റെ വരുമാനവും മറ്റ് കണക്കുകളും സഞ്ചാരികളുടെ എണ്ണവും നേരത്തെ സഭയിൽ സൂചിപ്പിച്ചിട്ടുണ്ടായിരുന്നു. മാർക്കറ്റിംഗ് ഒരു പ്രധാന ഘടകമാണ്. വൈവിധ്യമാർന്ന പ്രചരണ രീതിയാണ് നമ്മൾ ആവിഷ്കരിക്കുന്നത്. യു.കെ.-യിലെയും ലണ്ടനിലെയും ബസിൽ കേരളാ ടൂറിസത്തിന്റെ പ്രകൃതിരമണീയമായ ഇടങ്ങൾ പതിച്ച മാർക്കറ്റിംഗ് ലോകത്ത്

ഏതൊരു ഗവൺമെന്റിനും മാതൃകയാകുന്ന നിലയിലാണ്. അതിന്റെ വിഡീയോ സോഷ്യൽ മീഡിയയിലൂടെ ധാരാളം മലയാളികൾ പ്രചരിപ്പിച്ചിരുന്നു. അങ്ങനെ മാർക്കറ്റിംഗിന്റെ വൈവിധ്യമാർന്ന സാധ്യതകൾ ഉപയോഗപ്പെടുത്തും. വയനാട്ടിലെ ഒരു മന്ത്രിയടക്കം മൂന്ന് അംഗങ്ങൾ ഇവിടെയുണ്ട്. വയനാട് ടൂറിസത്തിനെ വികസിപ്പിക്കാൻവേണ്ടി മാർക്കറ്റിംഗിൽ ഫോക്കസ് ചെയ്തത് ബാംഗ്ലൂരാണ്. അതിന്റെ റിസൾട്ട് വയനാട് ടൂറിസത്തിനുണ്ടായിരുന്നു. അങ്ങനെ മാർക്കറ്റിംഗിൽ വളരെ തന്ത്രപരമായി ഫോക്കസ് ചെയ്യേണ്ട സ്ഥലങ്ങളെ ഫോക്കസ് ചെയ്തുകൊണ്ടാണ് മുന്നോട്ടുപോകുന്നത്. അതിന്റെ റിസൾട്ട് പൊതുവെ ടൂറിസം മേഖലയിലുണ്ടാകുന്നുണ്ട്. കാരവൻ ടൂറിസം പദ്ധതി ആകെ തകർന്ന് തരിപ്പണമായെന്നുള്ള പ്രചരണം ചില ഭാഗങ്ങളിൽ നടക്കുന്നുണ്ട്. പ്രത്യേകിച്ച് ചില മാധ്യമങ്ങൾ അത് ഏറ്റെടുത്തിട്ടുമുണ്ട്. അവർക്ക് അതിന്റേതായ താൽപ്പര്യങ്ങളുണ്ടാകുമെന്ന് നമുക്കറിയാം. പക്ഷേ, ഇത് കേരളത്തിൽമാത്രം കാണുന്നൊരു പ്രവണതയാണ്. ഒരു പുതിയ പ്രോഡക്റ്റ് വന്നാൽ ആ പ്രോഡക്റ്റിനെ അല്ലെങ്കിൽ ടൂറിസം മേഖലയെ ആകെ മോശമാക്കാനുള്ള ശ്രമമാണ് അതിന്റെ ഭാഗമായി നടക്കുന്നത്. ടൂറിസം

മന്ത്രിയെയോ അല്ലെങ്കിൽ സർക്കാരിനെയോ മാധ്യമങ്ങൾക്ക് ആക്രമിക്കാം. അതിന് അവർക്ക് ഉടമകളുടെ രാഷ്ട്രീയ താൽപ്പര്യമുണ്ട്, അതിൽ തർക്കമൊന്നുമില്ല. എന്നാൽ കേരളത്തിലെ ടൂറിസത്തെ ആകെ നെഗറ്റീവായ നിലയിൽ ബാധിക്കുന്ന രീതിയെ നമ്മളൊന്നിച്ച് എതിർക്കേണ്ടതാണ്. അത്തരം വാർത്തകൾ വായിച്ചുകൊണ്ട്, അത്തരം വിഷയത്തെ വിലയിരുത്തി പോകുന്നത് ഉചിതമാകില്ല.

ശ്രീമതി സി. കെ. ആശ: സർ, കഴിഞ്ഞ സർക്കാരിന്റെ സമയത്ത് വൈക്കത്ത് ഉത്തരവാദിത്ത ടൂറിസം മിഷന്റെ നേതൃത്വത്തിൽ 'പെപ്പർ ടൂറിസം പദ്ധതി' ആവിഷ്കരിച്ച് നടപ്പിലാക്കാൻ ശ്രമിച്ചിരുന്നു. എന്നാൽ ഇന്ന് വൈക്കത്ത് ഇതിന്റെ യാതൊരുവിധ പ്രവർത്തനങ്ങളും നടക്കുന്നില്ല. ഭ്രൂണാവസ്ഥയിൽത്തന്നെ മരണം വിധിക്കപ്പെട്ട ഈ പദ്ധതിയെപ്പറ്റി വകുപ്പ് പഠിച്ച് പോരായ്മകൾ പരിഹരിച്ച് വൈക്കംപോലുള്ള പ്രദേശത്തിന്റെ ടൂറിസം സാധ്യതകളെ പ്രയോജനപ്പെടുത്തുവാൻ സർക്കാർ തയ്യാറാകുമോ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, തീർച്ചയായും വൈക്കം ഒരു പ്രധാനപ്പെട്ട ടൂറിസ്റ്റ് സാധ്യതയുള്ള കേന്ദ്രമായിട്ടാണ് സർക്കാർ കാണുന്നത്.

അവിടെയുള്ള മറ്റ് കാര്യങ്ങൾ എന്തൊക്കെയാണെന്നുള്ളത് പരിശോധിച്ച് മുന്നോട്ടുപോകാവുന്നതാണ്.

ശ്രീ. പി. പി. ചിത്തരഞ്ജൻ: സർ, ഹൗസ്ബോട്ടുകളിൽ യാത്ര ചെയ്യുന്നതിനാണ് കായൽ ടൂറിസത്തിൽ ഏറ്റവും കൂടുതൽ ആളുകൾ എത്തുന്നത്. രാവിലെ 10 മണിക്ക് എത്തിയാൽ വൈകുന്നേരം അഞ്ച് മണിക്ക് ബോട്ടിൽനിന്ന് അവർ കരയ്ക്ക് എത്തേണ്ട അവസ്ഥയാണുള്ളത്. സഞ്ചാരികൾക്ക് രാത്രികൂടി അവിടെ ആസ്വദിക്കുവാൻ കഴിയുന്ന രീതിയിൽ, കായലിൽനിന്നും മത്സ്യം പിടിക്കുന്ന തൊഴിലാളികൾക്ക് ബുദ്ധിമുട്ട് വരാത്ത നിലയിൽ പ്രത്യേക ട്രാക്ക് ഉണ്ടാക്കി രാത്രിയും ഹൗസ്ബോട്ടുകൾക്ക് സഞ്ചാരികളെയുംകൊണ്ട് യാത്ര നടത്തുവാൻ കഴിയുന്ന സാഹചര്യം സൃഷ്ടിക്കുന്നതിനുവേണ്ടിയുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, മാരിടൈം ബോർഡും തുറമുഖ വകുപ്പുമായികൂടി ചർച്ച ചെയ്യേണ്ട വിഷയമാണിത്. നേരത്തെ ഒരു മീറ്റിംഗിൽ ഇക്കാര്യം ചർച്ച ചെയ്തിരുന്നത് ഞാൻ ചൂണ്ടിക്കാട്ടിയിരുന്നു. ഇത്തരം കാര്യങ്ങൾ ബഹുമാനപ്പെട്ട തുറമുഖ വകുപ്പുമന്ത്രിയുമായി ചേർന്നുകൊണ്ട്

എങ്ങനെ പോസിറ്റീവായി ചെയ്യാനാകുമെന്നുള്ളത് ആലോചിച്ച് നിലപാട് സ്വീകരിക്കാം.

ശ്രീ. കോവൂർ കുഞ്ഞുമോൻ: സർ, ടൂറിസം സാധ്യതകൾ ഏറ്റവും കൂടുതൽ വർദ്ധിച്ചുവരുന്ന കാലഘട്ടമാണ് അങ്ങയുടെ കാലഘട്ടം. ശാസ്താംകോട്ട ശുദ്ധജല തടാകത്തിന്റെ കാച്ച്മെന്റ് ഏരിയയിൽനിന്നാൽ വളരെയധികം മനോഹാരിതയുള്ള ഒരു കായലാണിത്. അവിടെ ടൂറിസത്തിന് വളരെയധികം സാധ്യതയുണ്ട്. അങ്ങ് അതിനുവേണ്ടി മുൻകയ്യെടുക്കുമോ? വിദേശികളും സ്വദേശികളുമായ ധാരാളം ആളുകൾ വന്നുപോകുന്നൊരു സ്ഥലമാണ് ശാസ്താംകോട്ട മേഖല. അതുകൊണ്ട് ശാസ്താംകോട്ട തടാക സംരക്ഷണവും ടൂറിസവും തമ്മിൽ യോജിപ്പിച്ചുകൊണ്ട് ഒരു വലിയ പ്രോജക്ട് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, തീർച്ചയായും ഇക്കാര്യം പരിശോധിക്കാവുന്നതാണ്. ഇതിനായി ടൂറിസം വകുപ്പിലെ ഒരു ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തി നിലവിലെ സാധ്യത എന്താണെന്നുള്ളത് പരിശോധിക്കാം.

ശ്രീ. സി. ആർ. മഹേഷ്: സർ, അങ്ങ് വള്ളംകളിയെക്കുറിച്ച് സൂചിപ്പിക്കുകയുണ്ടായി. പതിറ്റാണ്ടുകളുടെ പാരമ്പര്യമുള്ള വള്ളംകളിയാണ് കരുനാഗപ്പള്ളി ശ്രീനാരായണ ട്രോഫി വള്ളംകളി. ദേശീയപാതയുടെ തീരത്ത് ശ്രീനാരായണ ഗുരുദേവന്റെ പേരിൽ നടത്തുന്ന ഏക വള്ളംകളിയാണിത്. അവർക്ക് ചാംപ്യൻസ് ബോട്ട് ലീഗിൽ ഇതുവരെയും പങ്കെടുക്കാൻ സാധിച്ചിട്ടില്ല. ചാംപ്യൻസ് ബോട്ട് ലീഗിൽപ്പെടാത്ത വള്ളംകളിക്ക് നൽകിക്കൊണ്ടിരിക്കുന്ന ധനസഹായം വർദ്ധിപ്പിക്കുവാൻ സർക്കാർ നടപടി സ്വീകരിക്കുമോ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, ചാംപ്യൻസ് ബോട്ട് ലീഗ് ഇത്തവണ വിപുലീകരിക്കുന്ന നിലപാടാണ് സ്വീകരിച്ചത്. അതിന് റിസൾട്ടുണ്ടാകുകയും ചെയ്തിട്ടുണ്ട്. കേരളത്തിൽ ചാംപ്യൻസ് ബോട്ട് ലീഗ് മൂന്നുനാല് ജില്ലകളിലാണ് ഉണ്ടായിരുന്നത്. അത് മലബാറിൽക്കൂടി കൊണ്ടുവരണമെന്നാണ് ഉദ്ദേശിക്കുന്നത്. അതിനെക്കുറിച്ച് നേരത്തെ സഭയിൽ ചർച്ച ചെയ്തതാണ്. മലബാറിലെ ടൂറിസത്തിന്റെ സാധ്യത വളരെ ഫലപ്രദമായി ഉപയോഗപ്പെടുത്താൻ സാധിക്കാത്തത് കേരള ടൂറിസത്തിന് ഒരു

നഷ്ടമായിരുന്നു. അതിന്റെ ഭാഗമായി മലബാറിലേയ്ക്കുകൂടി അത് വ്യാപിപ്പിച്ചു. ഓരോ വർഷവും ഓരോ ജില്ലകളിലേയ്ക്ക് വ്യാപിപ്പിച്ച് മലപ്പുറം, കോഴിക്കാട്, കണ്ണൂർ എന്നീ ജില്ലകളിൽക്കൂടി വന്നു. അത് വ്യാപിപ്പിക്കുന്നതിനോടൊപ്പംത്തന്നെ നിലവിലുള്ള സാധ്യതകളെ എങ്ങനെ ഉപയോഗപ്പെടുത്താമെന്നുള്ള പരിശോധനയും നടത്തും. ഓരോ സ്ഥലത്തും അതിനെ അനുകരിച്ച് വള്ളംകളി നടത്താനാവില്ലെന്ന് നമുക്ക് അറിയാം. ഓരോ സ്ഥലത്തെയും സാധ്യതകൾ പരിശോധിച്ചാണ് മുന്നോട്ടുപോകുന്നത്. ബഹുമാന്യനായ അംഗം ഇവിടെ ചൂണ്ടിക്കാണ്ടിയ കാര്യം പരിശോധിച്ച് നിലപാട് സ്വീകരിക്കാവുന്നതാണ്.

<u>ശ്രീ. ജോബ് മൈക്കിൾ</u>: സർ, കായൽ ടൂറിസത്തിന്റെ കവാടമാണ് ചങ്ങനാശ്ശേരി മുതൽ ഏറ്റുമാനൂർ, കോട്ടയം, തിരുവല്ല വരെയുള്ള പ്രദേശങ്ങൾ. ടി പ്രദേശങ്ങളിലെ തോടുകളിലും ആറുകളിലും മറ്റ് പുഴകളിലും കിഴക്ക് പ്രദേശത്തുനിന്ന് ഒഴുകിയെത്തുന്ന മാലിന്യങ്ങൾ അടിഞ്ഞുകൂടുകയാണ്. ഈ മാലിന്യങ്ങളും പോളയും നീക്കംചെയ്യാൻ അടിയന്തരമായി നടപടി സ്വീകരിച്ച്

ടൂറിസ്റ്റുകൾക്ക് തടസ്സമായി നിൽക്കുന്ന ഈ സ്ഥിതിവിശേഷണം മാറ്റിയെടുക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, തീർച്ചയായും എന്താണ് ചെയ്യാൻ സാധിക്കുമെന്നുള്ളത് പരിശോധിക്കാവുന്നതാണ്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, പരമ്പരാഗതമായി നടന്നുകൊണ്ടിരിക്കുന്ന വള്ളംകളികളുണ്ട്. കോട്ടയത്ത് കുമാരനല്ലൂർ ഊരുചുറ്റ് വള്ളംകളിക്ക് തുച്ഛമായ തുക ടൂറിസം വകുപ്പിൽനിന്ന് കൊടുക്കുമായിരുന്നു. ഈ വർഷം അത് കൊടുക്കില്ലായെന്നുള്ള അറിയിപ്പ് ലഭിച്ചതായിട്ടാണ് പറയുന്നത്. അങ്ങ് അത് പുന:പരിശോധിക്കണം. ഇതുപോലുള്ള പാരമ്പര്യം നിലനിൽക്കുന്ന, പൈതൃകം ഉൾക്കൊള്ളുന്ന മഹാസംഭവങ്ങൾ നമ്മുടെ നാട്ടിൽ നിലനിൽക്കുന്നതിനുവേണ്ടി സഹായകരമായ നിലപാട് സ്വീകരിക്കുമോ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, ബഹുമാനപ്പെട്ട അംഗം ഉന്നയിച്ച കാര്യം എന്താണെന്നുള്ളത് പരിശോധിക്കാവുന്നതാണ്.

## പ്ലസ് വൺ-ൽ അധിക ബാച്ചുകൾ അനുവദിക്കാൻ നടപടി

2 (*242) ശ്രീ. റോജി എം. ജോൺ:
ശ്രീ. സണ്ണി ജോസഫ്:
ശ്രീ. ടി. സിദ്ദിഖ്:
ശ്രീമതി കെ. കെ. രമ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻവർഷങ്ങളിൽ പ്ലസ് വൺ-ൽ പുതിയ ബാച്ചുകൾ അനുവദിക്കാതെ സീറ്റുകളിൽമാത്രം വർദ്ധനവ് വരുത്തിയത് വിദ്യാർത്ഥികളുടെ പഠനനിലവാരത്തിൽ ഇടിവുണ്ടാക്കിയിട്ടുണ്ടെന്ന് പറയപ്പെടുന്നത് ഗൗരവത്തോടെ കാണുന്നുണ്ടോ;

(ബി) വിദ്യാഭ്യാസ നിയമത്തിലും കാർത്തികേയൻ കമ്മിറ്റി റിപ്പോർട്ടിലുമടക്കം ഒരു ക്ലാസ്സിൽ 50 വിദ്യാർത്ഥികളായി നിജപ്പെടുത്തിയിട്ടും കൂടുതൽ ബാച്ചുകൾ അനുവദിച്ചുകൊണ്ട് ഈ പ്രതിസന്ധി പരിഹരിക്കാൻ നടപടി സ്വീകരിക്കാത്തതിന്റെ കാരണം വിശദമാക്കാമോ?

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ,

(എ) സീറ്റുകളിൽ മാത്രം വർദ്ധനവ് വരുത്തിയതിനാൽ വിദ്യാർത്ഥികളുടെ പഠന നിലവാരത്തിൽ ഇടിവുണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. സീറ്റ് ക്ഷാമം

പരിഹരിക്കുന്നതിനുവേണ്ടി 08-05-2024-ലെ സ.ഉ(കൈ)നം.45/2024/പൊ.വി.വ. സർക്കാർ ഉത്തരവ് പ്രകാരം 2023-24 വർഷം താൽക്കാലികമായി അനുവദിച്ചതും നിലനിർത്തിയതും ഷിഫ്റ്റ് ചെയ്തതുമായിട്ടുള്ള 98 ബാച്ചുകൾ തുടർന്നും മലബാർ മേഖലയിൽ എല്ലാ സർക്കാർ സ്കൂളുകളിലും 30 ശതമാനം മാർജിനൽ സീറ്റ് വർദ്ധനവും എല്ലാ എയ്ഡഡ് സ്കൂളുകൾക്കും 20 ശതമാനം മാർജിനൽ സീറ്റ് വർദ്ധനവും ആവശ്യപ്പെടുന്ന എയ്ഡഡ് സ്കൂളുകളിൽ അധികമായി 10 ശതമാനം മാർജിനൽ സീറ്റ് വർദ്ധനവും അനുവദിച്ച് ഉത്തരവായിട്ടുണ്ട്. ഭൗതിക സാഹചര്യങ്ങൾ ഉറപ്പാക്കിയാണ് സീറ്റുകൾ വർദ്ധിപ്പിക്കുന്നതും താൽക്കാലിക ബാച്ചുകൾ അനുവദിക്കുകയും ചെയ്യുന്നത്. അതിനാൽ ഇത് പഠനനിലവാരത്തെ ബാധിക്കുന്നതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല.

(ബി) ഭൗതിക സാഹചര്യങ്ങൾ ഉറപ്പാക്കി താൽക്കാലിക ബാച്ചുകൾ ആവശ്യത്തിന് അനുവദിക്കുകയും സീറ്റുകൾ വർദ്ധിപ്പിക്കുകയും ചെയ്താണ് പ്ലസ്-വൺ പ്രവേശന നടപടികൾ പൂർത്തിയാക്കിവരുന്നത്.

1990 ജൂൺ 27-ന് ഇറക്കിയ സർക്കാർ ഉത്തരവ്, 1991 ഫെബ്രുവരി 1-ന് ഇറക്കിയ സർക്കാർ ഉത്തരവ് എന്നിവയിൽ പറയുന്നത്, ഒരു ക്ലാസിൽ 60 വിദ്യാർത്ഥികൾവരെ ആകാമെന്നുള്ളതാണ്. ഇപ്പോൾ കുറച്ച് കൂടുതൽ വന്നിട്ടുണ്ട്.

ശ്രീ. റോജി എം. ജോൺ : സർ, കേരളത്തിൽ പ്രത്യേകിച്ച് മലബാർ മേഖലയിലെ പ്ലസ് വൺ സീറ്റുകളുടെ ദൗർലഭ്യം സംബന്ധിച്ച് നിരവധി തവണ ഇവിടെ ചർച്ച ചെയ്തിട്ടുള്ളതാണ്. വിദ്യാർത്ഥി സംഘടനകളുടെയൊക്കെ നേതൃത്വത്തിൽ ഇതുസംബന്ധിച്ച് സമരങ്ങളും നടന്നുവരികയാണ്. ഭരണപക്ഷ സംഘടനകളുൾപ്പെടെ സമരത്തിന്റെ പാതയിലാണുള്ളതെന്ന് എല്ലാവർക്കും അറിയാവുന്ന കാര്യമാണ്. ഇതു സംബന്ധിച്ച് ബഹുമാനപ്പെട്ട മന്ത്രി ശ്രീ. വി. ശിവൻകുട്ടി ഇന്നലെ കെ.എസ്.യു., എം.എസ്.എഫ്. ഉൾപ്പെടെയുള്ള വിദ്യാർത്ഥി സംഘടനകളുമായി ഈ വിഷയം ചർച്ച ചെയ്തിരുന്നു. ആ ചർച്ചയുടെ വിശദാംശങ്ങളും അതിലെടുത്തിട്ടുള്ള തീരുമാനങ്ങളും എന്തൊക്കെയാണ്? ഈ തീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ നിലവിലെ പ്രശ്നത്തിന് ശാശ്വതപരിഹാരം കാണാൻ സാധിക്കുമോ?

ശ്രീ. വി. ശിവൻകുട്ടി: സർ, നിയമസഭയിൽ ഞാൻ പറഞ്ഞതനുസരിച്ച്, ഇന്നലെ ഉച്ചയ്ക്കുശേഷം 2.00 മണിക്ക് വിദ്യാർത്ഥി സംഘടനകളുമായി യോഗം ചേർന്നിരുന്നു. 15 വിദ്യാർത്ഥി സംഘടനകൾ യോഗത്തിൽ പങ്കെടുത്തിരുന്നു. പൊതുസ്ഥിതിയെ സംബന്ധിച്ചും മലബാർ മേഖലയിലെ പൊതുവിലെ സീറ്റുകളെ സംബന്ധിച്ചും മലപ്പുറം ജില്ലയിലെ പ്രത്യേക സാഹചര്യങ്ങളെ സംബന്ധിച്ചും ആ യോഗത്തിൽ അവർ അവതരിപ്പിക്കുകയുണ്ടായി. യോഗത്തിൽ പങ്കെടുത്ത എല്ലാ വിദ്യാർത്ഥി സംഘടനാ നേതാക്കളും വളരെ സഹകരണ മനോഭാവത്തോടുകൂടിയാണ് ഇടപെട്ടത്. അവർ അവരുടെ അനുഭവത്തിൽനിന്നുള്ള കാര്യങ്ങൾ പറയുകയുണ്ടായി. ഗവൺമെന്റിന്റെ ഭാഗത്തുനിന്നും പറയേണ്ട കാര്യങ്ങൾ പറഞ്ഞു. അവസാനം തെറ്റിദ്ധാരണകൾ മാറുന്ന സാഹചര്യമുണ്ടായിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ ചില തീരുമാനങ്ങൾ കൈക്കൊണ്ടിട്ടുണ്ട്. മലപ്പുറം ജില്ലയിലെ പ്ലസ് വൺ പ്രവേശനവുമായി ബന്ധപ്പെട്ട ആധികാരിക കണക്കുകൾ വിദ്യാർത്ഥി സംഘടനകൾക്ക് ചർച്ച തുടങ്ങുന്നതിന് മുമ്പുതന്നെ കൈമാറിയിരുന്നു. മലപ്പുറത്തിന്റെ നിലവിലെ സാഹചര്യം പരിഗണിച്ച് പുതിയ താൽക്കാലിക

ബാച്ച് അനുവദിക്കുക എന്നത് തത്വത്തിൽ അംഗീകരിച്ചിട്ടുണ്ട്. ജൂലൈ 2-ന് സപ്ലിമെന്ററി അലോട്ട്മെന്റിനുള്ള അപേക്ഷ ക്ഷണിച്ചിരിക്കുകയാണ്. ജൂലൈ 2, 3, 4 തീയതികളിലായി സപ്ലിമെന്ററി അലോട്ട്മെന്റിന് അപേക്ഷിക്കാം. സംസ്ഥാനത്തൊട്ടാകെയുള്ള താലൂക്കുതല സ്ഥിതിവിവര കണക്കുകൾ പൊതുവിദ്യാഭ്യാസ വകുപ്പ് ശേഖരിച്ചുവരികയാണ്. മലപ്പുറം ജില്ലയിലെ നിലവിലെ സാഹചര്യം കണക്കിലെടുത്ത് ഇക്കാര്യം പരിശോധിച്ച് റിപ്പോർട്ട് നൽകുവാൻ രണ്ടുപേർ അടങ്ങുന്ന ഒരു സമിതിയെ നിയോഗിച്ചിട്ടുണ്ട്. അതിനെ കമ്മീഷൻ എന്നൊന്നും വ്യാഖ്യാനിക്കരുത്. രണ്ടുപേരെ ചുമതലപ്പെടുത്തി എന്നുള്ളത് മാത്രമാണ്. ഹയർ സെക്കൻഡറി ജോയിന്റ് ഡയറക്ടർ (അക്കാദമിക്), മലപ്പുറം റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ (RDD) എന്നിവരെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്. ജൂലൈ 5-നകം റിപ്പോർട്ട് നൽകണമെന്ന് പറഞ്ഞിട്ടുണ്ട്. നിലവിൽ ജൂലൈ 31-നകം അഡ്മിഷൻ അവസാനിപ്പിക്കുന്ന രീതിയിലാണ് പ്രവേശന ഷെഡ്യൂൾ ക്രമീകരിച്ചിരിക്കുന്നത്. നേരത്തെ പ്രഖ്യാപിച്ചിട്ടുള്ള പ്രോസ്പെക്ടസിൽ അങ്ങനെയാണ് പറഞ്ഞിട്ടുള്ളത്. പ്ലസ് വൺ പഠനം ആഗ്രഹിക്കുന്ന എല്ലാ

വിദ്യാർത്ഥികൾക്കും പ്രവേശനം ഉറപ്പാക്കും. ഇതിന്റെയടിസ്ഥാനത്തിൽ പുതുതായി ചേരുന്ന കുട്ടികൾക്ക് ക്ലാസ് നഷ്ടപ്പെട്ടുമെങ്കിൽ ആ വിദ്യാർത്ഥികൾക്ക് 'ബ്രിഡ്ജ് കോഴ്സ് ' നൽകി അവർക്കുണ്ടായ പഠനവിടവ് നികത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കും. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവും ഉപനേതാവുമെല്ലാം ചർച്ചയ്ക്കുശേഷം SCOLE കേരള അഡ്മിഷൻ, സപ്ലിമെന്ററി അലോട്ട്മെന്റ് കഴിഞ്ഞതിനുശേഷം നടത്തുന്നതായിരിക്കും നല്ലത് എന്നുള്ള നിർദ്ദേശം വച്ചിരുന്നു. അത് അംഗീകരിക്കുന്നതിനും തയ്യാറാണ്. ഇതിന്റെ റിപ്പോർട്ട് കിട്ടിക്കഴിഞ്ഞാൽ എത്രയും പെട്ടെന്ന് പരിഹാരം കാണാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. കാസർഗോഡ് ജില്ലയിൽ 250 സീറ്റിന്റെയും പാലക്കാട് ജില്ലയിൽ 1700-ന് താഴെ സീറ്റിന്റെയും കുറവുണ്ട്. സപ്ലിമെന്ററി അലോട്ടുമെന്റോടുകൂടി ഈ പ്രശ്നം പരിഹരിക്കാൻ കഴിയും. കേരളത്തിൽ പ്ലസ് വൺ പ്രവേശനവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾക്ക് ശാശ്വതമായ പരിഹാരം കാണുന്നതാണ്. നമ്മുടെ കുട്ടികളെല്ലാം വളരെ സന്തോഷത്തിലായിരുന്നു. അവർ പത്രസമ്മേളനം നടത്തി സമരം പിൻവലിച്ചിട്ടുണ്ട്. ഇന്ന് പൊതുവിദ്യാഭ്യാസ രംഗം ശാന്തമായി പോകുകയാണ്.

ശ്രീ. റോജി എം. ജോൺ : സർ, 30 ശതമാനം വരെ മാർജിനൽ ഇൻക്രീസ് എന്നുപറയുമ്പോൾ ഒരു ക്ലാസ്സിൽ 65 കുട്ടികളുണ്ടാകും. ലാംഗ്വേജ് ക്ലാസ്സുകൾ കംബൈൻഡായിട്ട് വരുമ്പോൾ ചിലപ്പോൾ നൂറോളം വിദ്യാർത്ഥികൾ ഒരു ക്ലാസ്സിൽ ഇരിക്കേണ്ട സാഹചര്യമുണ്ടാകുകയാണ്. അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കുന്നു എന്നുപറയുമ്പോൾ ക്ലാസ് റൂമുകളിലുള്ള അധ്യാപകർക്ക് മൈക്ക് കൊടുക്കേണ്ടിവരും. അത്തരം അവസ്ഥയിലായിരിക്കും ഒരു ക്ലാസ് റൂമിൽ വിദ്യാർത്ഥികളുടെ എണ്ണം ഉണ്ടാകുന്നത്. അഡീഷണൽ ബാച്ചുകൾ അനുവദിക്കും എന്നുപറയുന്നു. കഴിഞ്ഞ കുറച്ച് വർഷങ്ങളായി എല്ലാ വിദ്യാഭ്യാസ വർഷത്തിന്റെ ആരംഭത്തിലും പ്ലസ് വൺ അഡ്മിഷന്റെ സമയത്ത് ഈ വിഷയം അഭിമുഖീകരിച്ചുകൊണ്ടിരിക്കുകയാണ്. നിരന്തരമായി ഓരോ വർഷവും സീറ്റുകളുടെ ദൗർലഭ്യം ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. വരും വർഷങ്ങളിലും ഇത് പ്രതീക്ഷിച്ചുതന്നെ മുന്നോട്ടുപോകണം. താൽക്കാലിക ബാച്ചുകൾ അനുവദിക്കുന്നത് ഒരു ശാശ്വത പരിഹാരമാണെന്ന് പറയാൻ കഴിയില്ല. മാത്രമല്ല, താൽക്കാലിക ബാച്ചിൽ ടെമ്പററി/അഡ്ഹോക്

അധ്യാപകരായിരിക്കും വരാൻ പോകുന്നത്. ഈ വിഷയത്തിന് നമ്മുടെ കുട്ടികളുടെ ഭാവിയെ ഓർത്തിട്ടെങ്കിലും വരും കാലങ്ങളിൽ ശാശ്വത പരിഹാരം കാണുന്നതിന് സ്ഥിരം ബാച്ചുകൾ അനുവദിച്ചുകൊണ്ട് സ്ഥിരം അധ്യാപകരെ ഉൾപ്പെടെ ലഭ്യമാക്കുന്നതിനുള്ള നടപടികളെക്കുറിച്ച് സർക്കാർ ആലോചിക്കുന്നുണ്ടോ?

ശ്രീ. വി. ശിവൻകുട്ടി: സർ, അങ്ങ് സൂചിപ്പിച്ചത് ശരിയാണ്. ഭരണപക്ഷത്തിന്റെയോ പ്രതിപക്ഷത്തിന്റെയോ പ്രശ്നമായി ഇതിനെ കാണാൻ കഴിയില്ല. 1990-ൽ നായനാർ സർക്കാരാണ് സ്കൂൾ വിദ്യാഭ്യാസത്തിന്റെ ഭാഗമായി ഹയർ സെക്കൻഡറി സ്കൂളുകൾ ആരംഭിച്ചത്. 1990-91 അധ്യയന വർഷത്തിൽ...

മി. സ്പീക്കർ: പ്ലീസ്..........പ്ലീസ്. അദ്ദേഹം പറയട്ടെ ശ്രീ. എം. വിൻസെന്റ്......യെസ്.... യെസ്.... അത് ignore ചെയ്തേക്ക്.... ശ്രീ. എം. വിൻസെന്റിന്റെ കമെന്റ് ignore ചെയ്തേക്ക്.......

ശ്രീ. വി. ശിവൻകുട്ടി : സർ, ശ്രീ. എം. വിൻസെന്റ്, എല്ലാം കൊണ്ടുവരാൻ ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. 1990-91 അധ്യയന വർഷത്തിൽ

ഒരു വിദ്യാഭ്യാസ ജില്ലയിൽ ഒന്നുവീതം 31 സർക്കാർ സ്കൂളുകളിലാണ് ഹയർ സെക്കൻഡറി ആരംഭിച്ചത്. 5160 സീറ്റുകളാണ് അന്നുണ്ടായിരുന്നത്. നിലവിൽ 2077 ഹയർ സെക്കൻഡറി സ്കൂളുകളിലായി നാലേകാൽ ലക്ഷത്തിലധികം കുട്ടികൾക്ക് പഠിക്കാൻ കഴിയത്തക്കവിധം വിപുലപ്പെട്ട് കഴിഞ്ഞിരിക്കുകയാണ്. 1990-ൽ ഹയർ സെക്കൻഡറി സ്കൂൾ ആരംഭിക്കുമ്പോൾ ഒരു ബാച്ചിൽ 60 കുട്ടികൾ എന്ന നിലയിലുള്ള ഗവൺമെന്റ് ഉത്തരവാണ് ഇറക്കിയിരുന്നത്. പിന്നീടാണ് ശതമാനമെല്ലാം കൂട്ടിയതിന്റെ അടിസ്ഥാനത്തിൽ കുട്ടികളുടെ എണ്ണവും കൂടിവന്നത്. 1990-ൽ ഒരുലക്ഷത്തിലധികം കുട്ടികൾക്ക് മാത്രമാണ് എസ്.എസ്.എൽ.സി. കഴിഞ്ഞ് പ്രീ-ഡിഗ്രി അടക്കമുള്ള ഉപരിപഠനത്തിന് പോകാൻ കഴിയുന്നത്. 1990-ൽ ഒരുലക്ഷം കുട്ടികൾക്ക് ഉപരിപഠനത്തിന് പോകാൻ കഴിയുമെങ്കിൽ ഇന്ന് നമ്മുടെ എല്ലാവരുടെയും പരിശ്രമത്തിന്റെ ഫലമായി നാലേകാൽ ലക്ഷത്തിലധികം വിദ്യാർത്ഥികൾക്ക് ഹയർ സെക്കൻഡറിയിൽ മാത്രം ഉപരിപഠനത്തിനുള്ള സൗകര്യമുണ്ട് എന്നുള്ള കാര്യം ഞാൻ ഇവിടെ സൂചിപ്പിക്കുകയാണ്. വീട്ടിൽനിന്നും അധിക ദൂരമല്ലാതെ ഇപ്പോൾ പഠിക്കാൻ പോകാനും കഴിയും. എക്കാലത്തും ഹയർ സെക്കൻഡറി

വിദ്യാഭ്യാസം മെച്ചപ്പെടുത്തുന്നതിന് ഇടതുപക്ഷ ഗവൺമെന്റായാലും ഐക്യജനാധിപത്യമുന്നണി ഗവൺമെന്റായാലും ഒരു പങ്ക് വഹിച്ചിട്ടുണ്ട്. സീറ്റിന്റെ കുറവിന്റെ കാര്യം ഏതെങ്കിലുമൊരു മുന്നണിയുടെ പ്രശ്നമായി കാണാൻ പറ്റില്ല. ഇത് കൂട്ടായി ആലോചിക്കണം. നമുക്ക് കൂട്ടായി ആലോചിക്കാൻ കഴിയുന്ന ഒരു കാര്യമുണ്ട്. ഇവിടെ സൂചിപ്പിച്ചതുപോലെ എല്ലാ സ്ഥലത്തും സ്ഥലക്കുറവുണ്ട്, ക്ലാസ്സിന്റെ കുറവുമുണ്ട്. ഷിഫ്റ്റ് സമ്പ്രദായത്തെക്കുറിച്ച് ആലോചിക്കാൻ കഴിയുന്ന ഒരു കാര്യമാണ്. അല്ലെങ്കിൽ മറ്റേതെങ്കിലും നിർദ്ദേശമുണ്ടെങ്കിൽ അതിനെ സംബന്ധിച്ചും ആലോചിക്കാം. കുട്ടികളെ അക്കൊമെഡേറ്റ് ചെയ്ത് മുന്നോട്ട് കൊണ്ടുപോകുന്നതിന് എല്ലാവർക്കും കൂട്ടായി ആലോചിച്ച് പ്രശ്നത്തിന് പരിഹാരം കാണാം. അതിൽ ഉൽക്കണ്ഠപ്പെടേണ്ട യാതൊരു കാര്യവുമില്ല എന്നുള്ള കാര്യം ഞാൻ ഇവിടെ സൂചിപ്പിക്കുകയാണ്.

ശ്രീ. സണ്ണി ജോസഫ്: സർ, കേരളത്തിൽ, മലബാർ മേഖലയിലുള്ള സ്കൂളുകളിൽ പ്ലസ് വൺ സീറ്റുകളുടെ കുറവുണ്ടെന്ന കാര്യം ബഹുമാനപ്പെട്ട മന്ത്രിയും സർക്കാരും അംഗീകരിച്ചുവെന്നത് നമുക്കെല്ലാം അറിയാവുന്ന

കാര്യമാണ്. താൽക്കാലിക ബാച്ചുകൾക്ക് പകരം സ്ഥിരം ബാച്ചുകൾ അനുവദിക്കണം. വിദ്യാർത്ഥികൾ അധിക ദൂരം യാത്ര ചെയ്യാൻ ഇടവരാത്ത രീതിയിൽ ഹയർ സെക്കൻഡറി വിദ്യാഭ്യാസത്തിന് സൗകര്യമൊരുക്കത്തക്ക രൂപത്തിൽ ഒരു പഞ്ചായത്തിൽ രണ്ട് ഹയർ സെക്കൻഡറി സ്കൂളുകളെങ്കിലും അനുവദിക്കത്തക്ക രീതിയിൽ ഹൈസ്കൂളുകൾ മാത്രമായി നിൽക്കുന്നവയെ ഹയർ സെക്കൻഡറി സ്കൂളുകളാക്കി അപ്ഗ്രേഡ് ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ശ്രീ. വി. ശിവൻകുട്ടി</u>: സർ, അങ്ങയുടെ ചോദ്യത്തിനുള്ള മറുപടി ആലോചിക്കാതെ പറയാൻ കഴിയില്ല. വ്യക്തിപരമായി പറയുകയാണെങ്കിൽ കൂടുതൽ ബാച്ചുകൾ ആരംഭിക്കുന്നതാണ് നല്ലത്. നിശ്ചിത ശതമാനം സീറ്റുകൾ വർദ്ധിപ്പിച്ചാൽ ഒരു ക്ലാസ്സിൽ 70-78 കുട്ടികൾ വരുന്ന സാഹചര്യം ഉണ്ടാകും. വിദൂര ഭാവിയിൽ ശാശ്വത പരിഹാരം കാണുന്നതിനുവേണ്ടി അങ്ങ് പറഞ്ഞതുപോലുള്ള കാര്യങ്ങൾ ചെയ്യേണ്ടതായിവരും. ആ സമയത്ത് ആലോചിക്കാം.

ശ്രീ. ടി. സിദ്ദിഖ്: സർ, മുമ്പ് കുട്ടികൾ ഏത് സബ്ജക്ട് പഠിക്കണമെന്ന് തീരുമാനിക്കുന്നത് അവരുടെ അച്ഛനമ്മമാരായിരുന്നു. ഇപ്പോൾ നല്ലൊരു ശതമാനം കുട്ടികൾ ഏത് സബ്ജക്ട്, എവിടെ പഠിക്കണമെന്ന് തീരുമാനിക്കുന്നത് സർക്കരാണ്. അതൊരു ഗുരുതരമായ സാഹചര്യമാണ്. എന്റെ നിയോജകമണ്ഡലത്തിൽ നിരവധി പ്രശ്നങ്ങളുണ്ടെങ്കിലും അതിൽ ഗുരുതരമായൊരു പ്രശ്നം ചൂണ്ടിക്കാണിക്കാം. തമിഴ്നാടിനോട് ചേർന്ന് കിടക്കുന്ന മൂപ്പയനാട് പഞ്ചായത്ത് പരിധിയിൽ താമസിക്കുന്ന മുഹമ്മദ് ജാസിൻ എന്ന ഇ.എൻ.ടി., സൈക്യാട്രി ഡിസെബിലിറ്റിയുള്ള ഒരു കുട്ടിക്ക് അഡ്മിഷൻ കിട്ടിയത് കർണ്ണാടകയോട് ചേർന്ന് കിടക്കുന്ന കാട്ടിക്കുളം ഹയർ സെക്കൻഡറി സ്കൂളിലാണ്. അവിടെ എത്തിച്ചേരണമെങ്കിൽ മൂന്നര മണിക്കൂറോളം യാത്ര ചെയ്യേണ്ടതായിട്ടുണ്ട്. ഡിസേബിൾഡായ ഈ കുട്ടി എങ്ങനെ അവിടെ പോയി പഠനം നടത്തും? എ പ്ലസ് കിട്ടിയ കുട്ടികൾക്കുപോലും ഇഷ്ട വിഷയം ലഭിക്കാത്തതായ ഗുരുതരമായ സാഹചര്യം നിലനിൽക്കുകയാണ്. ഇപ്പോൾ നിലനിൽക്കുന്ന സീറ്റിന്റെ പ്രശ്നം ഓരോ വർഷവും പുതുതായി വരുന്നതല്ല. തുടർച്ചയായി എല്ലാ വർഷങ്ങളിലും

ഉണ്ടായിക്കൊണ്ടിരിക്കുന്നതാണ്. എത്ര കുട്ടികൾ എസ്.എസ്.എൽ.സി. പരീക്ഷ എഴുതുന്നുണ്ടെന്നത് സംബന്ധിച്ച് സർക്കാരിന്റെ മുമ്പിൽ കണക്കുകളുണ്ട്. ഈ കുട്ടികൾക്ക് ഹയർ സെക്കൻഡറി കോഴ്സിൽ ചേർന്ന് പഠിക്കുന്നതിനാവശ്യമായ പശ്ചാത്തലമൊരുക്കാൻ മുൻകൂട്ടിയുള്ള നടപടി സ്വീകരിക്കാതെ ഫലം പ്രഖ്യാപിച്ചതിനുശേഷം നടപടി സ്വീകരിക്കുന്ന പ്രവണത അവസാനിപ്പിച്ച്, മുൻകൂട്ടി നടപടി സ്വീകരിക്കാൻ സർക്കാർ തയ്യാറാകുമോ?

<u>മി. സ്പീക്കർ</u>: അങ്ങയുടെ ചോദ്യം എന്താണെന്ന് ആർക്കും മനസ്സിലായിട്ടില്ല.

<u>ശ്രീ. വി. ശിവൻകുട്ടി</u>: സർ, അങ്ങയുടെ ആവശ്യം പൂർണ്ണമായും ബഹുമാനപ്പെട്ട സ്പീക്കർക്ക് മനസ്സിലായില്ലെങ്കിലും എനിക്ക് മനസ്സിലായിട്ടുണ്ട്. അങ്ങ് പറഞ്ഞതുപോലെ ആഗ്രഹിക്കുന്ന മുഴുവൻ വിദ്യാർത്ഥികൾക്കും ആഗ്രഹിക്കുന്ന സ്ഥലത്ത് ആഗ്രഹിക്കുന്ന കോഴ്സിൽ അഡ്മിഷൻ ലഭിക്കുന്നില്ലെന്നത് സത്യമാണ്. ഈ പ്രവണത എൽ.ഡി.എഫ്/യു.ഡി.എഫ്. ഭരിക്കുന്ന സന്ദർഭങ്ങളിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന ഒരു പ്രശ്നമാണ്.

ശ്രീ. വി. ഡി. സതീശൻ: സർ, ഒരു കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. ബഹുമാനപ്പെട്ട അംഗം ശ്രീ. ടി. സിദ്ദിഖ് ചോദിച്ച ചോദ്യം പൂർണ്ണമാകുന്നതിന് മുമ്പ് അങ്ങ് ഇടപെട്ട്, ചോദ്യം ആർക്കും മനസ്സിലായില്ലെന്ന് പറഞ്ഞത് ശരിയായ നടപടിയല്ല.

മി. സ്പീക്കർ: അക്കാര്യം ചെയർ വ്യക്തമാക്കാം. ഇതുസംബന്ധിച്ച് കേരള നിമയസഭയിൽ ആദ്യ ബാച്ചിൽ ക്ലാസ്സെടുത്തത് അങ്ങായിരുന്നു. ചോദ്യങ്ങൾ സ്റ്റേറ്റ്മെന്റാകാൻ പാടുണ്ടോ; അതിനുള്ള അങ്ങയുടെ അഭിപ്രായമെന്താണ്?

ശ്രീ. വി. ഡി. സതീശൻ: സർ, അദ്ദേഹത്തിന്റെ ചോദ്യം പൂർത്തിയാക്കാൻ ഒരു മിനിട്ട് സമയമെടുത്തിട്ടില്ല.

മി. സ്പീക്കർ: അങ്ങ് പറയുന്നത് ശരിയല്ല. അദ്ദേഹം ഒരു മിനിട്ടും പന്ത്രണ്ട് സെക്കന്റുമെടുത്താണ് ചോദ്യം ചോദിച്ചത്. നമ്മൾ തമ്മിൽ ഇക്കാര്യത്തിൽ തർക്കിക്കേണ്ട ആവശ്യമില്ല.

ശ്രീ. വി. ഡി. സതീശൻ: സർ, അങ്ങ് പറയുന്നത് ശരിയല്ല, അമ്പത് സെക്കന്റ് സമയമെടുത്തപ്പോൾ അങ്ങ് അദ്ദേഹത്തെ തടസ്സപ്പെടുത്തി. ഒരു മെമ്പർ ഒരു ചോദ്യം ചോദിക്കുമ്പോൾ അങ്ങ് ചെയറിലിരുന്ന് ആ ചോദ്യം

ആർക്കും മനസ്സിലായില്ലെന്ന് പറയുന്നത് ആ മെമ്പറോടുള്ള അവഹേളനമാണ്. I register my strong protest. ഇവരെല്ലാം ജനപ്രതിനിധികളാണ്. ജനങ്ങൾ ഇതെല്ലാം കാണുന്നുണ്ട്.

മി. സ്പീക്കർ: യെസ്....യെസ്... നിങ്ങൾക്ക് പ്രതിഷേധിക്കാനുള്ള അവസരമുണ്ട്. ചോദ്യോത്തരം പോയിന്റായിരിക്കണമെന്നാണ് ചെയർ വ്യക്തമാക്കിയത്, അല്ലാതെ ഒന്നര മിനിട്ടും ഒന്നേമുക്കാൽ മിനിട്ടുമെടുത്ത് ചോദ്യങ്ങൾ ചോദിക്കുന്നത് ശരിയായ പ്രവണതയല്ലെന്നാണ് ചെയറിന്റെ അഭിപ്രായം.

ശ്രീ. വി.ഡി. സതീശൻ: സർ, പ്രതിപക്ഷാംഗങ്ങളോട് മാത്രമായുള്ള ഈ സമീപനം ശരിയല്ല.

മി. സ്പീക്കർ: അങ്ങ് പറയുന്നത് ശരിയല്ല, ഭരണപക്ഷത്തോടും പ്രതിപക്ഷത്തോടും ഒരുപോലെ ഈ അഭിപ്രായം പറയാറുണ്ട്.

ശ്രീ. വി. ഡി. സതീശൻ: സർ, അങ്ങ് സ്വീകരിച്ച നിലപാടിൽ ശക്തമായ പ്രതിഷേധം രേഖപ്പെടുത്തുന്നു.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മിനിസ്റ്റർ അങ്ങേയ്ക്ക് ചോദ്യത്തിനുള്ള ഉത്തരം പറയാവുന്നതാണ്.

ശ്രീ. വി. ശിവൻകുട്ടി: സർ, പത്താം ക്ലാസ് വരെ എല്ലാ കുട്ടികളും എല്ലാ വിഷയങ്ങളും പഠിക്കേണ്ടതുണ്ട്. എന്നാൽ പതിനൊന്നും പന്ത്രണ്ടും ക്ലാസ്സുകളിൽ അങ്ങനെയല്ല. ഉന്നത വിദ്യാഭ്യാസ രംഗത്ത് വിഷയ പഠനവുമായി ബന്ധപ്പെടുത്തുന്ന തരത്തിലാണ് പ്രസ്തുത ക്ലാസുകളിലെ പഠനത്തെ ക്രമീകരിച്ചിരിക്കുന്നത്. അതുകൊണ്ടുതന്നെ വിവിധ വിഷയങ്ങൾ അതായത് ശാസ്ത്രം, ഹ്യൂമാനിറ്റീസ്, കൊമേഴ്സ് എന്ന തരത്തിൽ പോകുകയാണ്. അതിനാൽ വിവിധ സ്കൂളുകളിൽ വിവിധ വിഷയ കോമ്പിനേഷനുകളായിരിക്കും ഉണ്ടാകുന്നത്. അതുകൊണ്ടുതന്നെ അങ്ങ് പറഞ്ഞതുപോലെ ഉദ്ദേശിക്കുന്ന വിഷയം കിട്ടാനുള്ള സാധ്യത കുറവായിരിക്കും. ഇങ്ങനെ വൈവിധ്യമാർന്ന വിഷയ കോമ്പിനേഷനുകളുള്ളതിനാൽ പത്താം ക്ലാസ് വരെയില്ലാത്തവിധം സെലക്ഷൻ പ്രക്രീയകളിലൂടെ കുട്ടികൾ കടന്നുപോകേണ്ടിവരും. മെറിറ്റ് മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ കമ്പ്യൂട്ടർ സാങ്കേതികവിദ്യ ഉപയോഗിച്ചാണ് തെരഞ്ഞെടുപ്പ് നടത്തുന്നത്. അത്തരം കാര്യങ്ങളിൽ

സർക്കാരിന് ഇടപെടാൻ കഴിയാത്തതുകൊണ്ടാണ് വിദ്യാർത്ഥികൾക്ക് ഇഷ്ടമുള്ള സ്കൂളുകളിൽ ഇഷ്ടമുള്ള വിഷയം ലഭിക്കാതെവരുന്നത്. മാനദണ്ഡങ്ങൾ എന്താണെന്ന് പ്രോസ്പെക്ടസിൽ വ്യക്തമാക്കിയിട്ടുണ്ട്. എല്ലാ കോഴ്സുകൾക്കും അക്കാദമികമായി തുല്യ പ്രാധാന്യമാണുള്ളത്. ഏതെങ്കിലും ചില കോഴ്സുകളിലേയ്ക്ക് മാത്രമായി കാര്യങ്ങൾ പരിമിതപ്പെടുത്തുന്നത് ഒരു രാജ്യത്തിന്റെ വിവിധങ്ങളായ വികസന ആവശ്യങ്ങളുമായി പൊരുത്തപ്പെട്ട് പോകുന്നതല്ല. ആയതിനാൽ കൃത്യമായ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ് റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നത്. ഒരു കാര്യംകൂടി വ്യക്തമാക്കാം. ഓരോ വിദ്യാർത്ഥിയുടെയും വെയിറ്റഡ് ഗ്രേഡ് പോയിന്റ് ആവറേജ് (ഡബ്ല്യൂ.ജി.പി.എ.) ആണ് പ്രവേശനത്തിനുള്ള മാനദണ്ഡമായി പരിഗണിക്കുന്നത്. വിദ്യാർത്ഥികൾക്ക് എസ്.എസ്.എൽ.സി.യ്ക്ക് പഠിച്ച സ്കൂളിൽത്തന്നെ പ്രവേശനം ലഭിക്കുന്നതിനായി പഠിച്ച സ്കൂൾ പരിഗണിച്ച് രണ്ട് ബോണസ് പോയിന്റും താമസിക്കുന്ന ലോക്കൽ ബോഡി പരിധിയിലുള്ള സ്കൂളിൽ പ്രവേശനം ഉറപ്പാക്കുന്നതിനായി താമസിക്കുന്ന ലോക്കൽ ബോഡി പരിഗണിച്ച് രണ്ട് ബോണസ് പോയിന്റും താമസിക്കുന്ന താലൂക്ക് പരിഗണിച്ച്

ഒരു ബോണസ് പോയിന്റും നൽകുന്നുണ്ട്. അക്കാഡമിക് മികവിന് കിട്ടുന്ന ഗ്രേഡുകൾക്ക് മുൻതൂക്കം ലഭിക്കുന്ന തരത്തിലാണ് ഡബ്ല്യൂ.ജി.പി.എ. കണക്കാക്കുന്നത്. ഡബ്ല്യൂ.ജി.പി.എ. തുല്യമാകുന്നപക്ഷം ഗ്രേസ് മാർക്ക് ലഭിക്കാത്ത വിദ്യാർത്ഥിയെ റാങ്കിൽ ആദ്യം പരിഗണിക്കുകയും ചെയ്യുന്നുണ്ട്. ഇത്തരം നടപടിക്രമങ്ങൾ പാലിച്ചുകൊണ്ടാണ് റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നത്. ആ അവസരത്തിൽ അര ശതമാനത്തിന്റെയും ഒരു ശതമാനത്തിന്റെയും വ്യത്യാസം വന്നാൽ മാർക്കിനേക്കാൾ കൂടുതൽ ലോക്കൽ പരിഗണനവച്ച് ആ കുട്ടിക്ക് അതത് സ്ഥലത്തുതന്നെ പ്രവേശനം ലഭിക്കുന്ന സ്ഥിതിവിശേഷം വരും. ഇന്നിപ്പോൾ പുതിയൊരു കാര്യം പത്രമാധ്യമങ്ങളിൽ ഉയർന്നുവന്നിട്ടുണ്ട്. മാർക്കിന്റെ അടിസ്ഥാനത്തിൽ എന്തുകൊണ്ട് അലോട്ട്മെന്റ് നടത്തിക്കൂടാ എന്നുള്ളതാണ് ആ വിവരം. അതെല്ലാം പൊതുവായി ചർച്ച ചെയ്യേണ്ടകാര്യമാണ്. മാർക്കിന്റെ അടിസ്ഥാനത്തിൽ മാത്രം കാര്യങ്ങൾ തീരുമാനിച്ചാൽ ദൂരവ്യാപകമായ പ്രത്യാഘാതങ്ങളുണ്ടാകും. അതുകൊണ്ട് ഇത്തരം കാര്യങ്ങൾ നമുക്ക് കൂട്ടായി ആലോചിച്ച് ചെയ്യേണ്ടവയാണെന്ന് സൂചിപ്പിക്കുകയാണ്. ഓരോ വിദ്യാത്ഥികൾക്കും അവരവരുടെ ഓപ്ഷന്റെ

അടിസ്ഥാനത്തിലാണ് സ്കൂൾ ലഭിക്കുന്നത്. ഭിന്നശേഷിക്കാരായ കുട്ടികൾക്ക് പ്രത്യേക പരിഗണന നൽകി വീടിനടുത്തുള്ള സ്കൂളുകളിൽ പഠിക്കുന്നതിന് അവസരം ലഭിക്കുന്നുണ്ട്. അങ്ങ് സൂചിപ്പിച്ച ഭിന്നശേഷിക്കാരനായ കുട്ടിയുടെ പ്രവേശന കാര്യത്തിൽ എന്തെങ്കിലും പ്രശ്നങ്ങളുണ്ടെങ്കിൽ ആയത് സംബന്ധിച്ച് അവരിൽ നിന്നും പരാതി എഴുതിവാങ്ങിതന്നാൽ എന്ത് ചെയ്യാൻ കഴിയുമെന്ന് പരിശോധിക്കാം.

<u>ശ്രീമതി കെ. കെ. രമ</u>: സർ, ഹയർ സെക്കൻഡറി കോഴ്സുകളിൽ ഇപ്പോൾ നിലവിലുള്ള മാതൃകയിൽ, പത്താം ക്ലാസ്സിനും ഗ്രേസ് മാർക്കിനൊപ്പം സ്കോർകൂടി രേഖപ്പെടുത്തിയാൽ അഡ്മിഷനുമായി ബന്ധപ്പെട്ട് നിലവിലുള്ള പ്രശ്നങ്ങൾക്ക് കുറെയേറെ പരിഹാരമുണ്ടാക്കാനും അർഹരായ കുട്ടികൾക്ക് പ്രവേശനം നേടാനും സാധിക്കും. ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട കേരള ഹൈക്കോടതി, ഒരു കുട്ടിയുടെ പരാതിയുമായി ബന്ധപ്പെട്ട വിഷയത്തിൽ ഗ്രേഡിനൊപ്പം സ്കോർകൂടി പരിഗണിക്കണമെന്ന് നിർദ്ദേശിച്ചിരുന്നു. ഈ നിർദ്ദേശം പരിശോധിക്കാൻ ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി

തയ്യാറാകുമോ; ഇതിന് എന്തെങ്കിലും തടസ്സങ്ങൾ നിലവിലുണ്ടോയെന്നുമാണ് അറിയേണ്ടത്.

ശ്രീ. വി. ശിവൻകുട്ടി: സർ, ഈ പരാതി കോടതിയിൽ പോയിട്ടേയുള്ളൂ. അതിനെ സംബന്ധിച്ച് കോടതി ഇതുവരെ ഉത്തരവ് ഇറക്കിയിട്ടില്ല. ഗവൺമെന്റ് ഇറക്കിയ ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് പ്രവേശനത്തിന്റെ നടപടിക്രമങ്ങൾ ചെയ്തുകൊണ്ടിരിക്കുന്നത്. ഹയർ സെക്കണ്ടറി പ്രവേശനം ആരംഭിച്ച നാൾമുതൽ എൽ.ഡി.എഫ്, യു.ഡി.എഫ്. ഭേദമില്ലാതെ ഈ നടപടിക്രമങ്ങളാണ് പാലിച്ചുവരുന്നത്. അതിനെ സംബന്ധിച്ച് ഒരു പരാതിയും ഇതുവരെ വന്നിട്ടില്ല. വീടിനടുത്തുള്ള സ്കൂളിൽ പ്രവേശനം ലഭിച്ചില്ല, ഇഷ്ടപ്പെട്ട സബ്ജക്ട് ലഭിച്ചില്ല എന്നൊക്കെയുള്ള പരാതികളാണ് വന്നിരുന്നത്. അത് ഈ പോയിന്റിൽ ഞാൻ നേരത്തെ പറഞ്ഞതുപോലുള്ള വ്യത്യാസത്തെ സംബന്ധിച്ചിടത്തോളമാണ്. കോടതിയിൽനിന്നും എന്തെങ്കിലും വിധി വന്നാൽ ആയത് നടപ്പിലാക്കാൻ നമ്മളെല്ലാം ബാധ്യസ്ഥരാണ്. അപ്പോഴത് ആലോചിക്കാം.

ശ്രീ. പി. വി. അൻവർ: സർ, ഒന്നാം വർഷ ഹയർ സെക്കണ്ടറി പ്രവേശന നടപടികൾ പരിഷ്കരിക്കുവാനുള്ള ഏതെങ്കിലും പരിപാടിയുണ്ടോ; ഉണ്ടെങ്കിൽ അത് എന്തൊക്കെയാണെന്ന് വിശദീകരിക്കാമോ?

ശ്രീ. വി. ശിവൻകുട്ടി: സർ, ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ, 1990 ജൂൺ 27-നും 1991 ഫെബ്രുവരി 1-നും പുറത്തിറക്കിയ സർക്കാർ ഉത്തരവുകളുടെകൂടി അടിസ്ഥാനത്തിലാണ് ഒന്നാം വർഷ ഹയർ സെക്കണ്ടറി പ്രവേശന നടപടി നടക്കുന്നത്. ഹയർ സെക്കണ്ടറി ആരംഭിച്ച കാലം പ്രവേശന പ്രക്രിയയിലുണ്ടായ അശാസ്ത്രീയത മറികടക്കാനാണ് 2007-ൽ ഏകജാലക സംവിധാനം ഏർപ്പെടുത്തിയത്. ഓരോ വർഷവും സർക്കാർ പുറത്തിറക്കുന്ന പ്രോസ്പെക്ടസിന്റെ അടിസ്ഥാനത്തിലാണ് പ്രവേശന നടപടികൾ നടത്തുന്നത്. ഈ നടപടികൾ വർഷാവർഷം പുതുക്കാറുണ്ട്. മാത്രമല്ല കേരളത്തിലെ പ്രവേശന നടപടികൾ പല സംസ്ഥാനങ്ങൾക്കും മാതൃകയാകാറുണ്ട്. ഇന്ന് ദേശീയ അടിസ്ഥാനത്തിൽ നടക്കുന്ന ഇന്ത്യാ രാജ്യത്തിന്റെ പ്രസ്റ്റീജ് മത്സരങ്ങളുടെ എഴുത്ത് പരീക്ഷയെ സംബന്ധിച്ചിടത്തോളം നടന്നുകൊണ്ടിരിക്കുന്ന കാര്യങ്ങളെല്ലാം നമുക്കറിയാമല്ലോ; മാത്രമല്ല,

കേരളത്തിന്റെ പ്രവേശന നടപടികൾ പല സംസ്ഥാനങ്ങൾക്കും മാതൃകയാണ്. പല സംസ്ഥാനങ്ങളും ഇത് അനുകരിക്കുന്നുണ്ട്. എങ്കിലും ഈ നടപടിക്രമങ്ങളിൽ ഏതെങ്കിലും തരത്തിലുള്ള പരിഷ്കരണം ആവശ്യമാണോ എന്നത് പരിശോധിക്കാം. കാരണം, പത്തിരുപത്തിയഞ്ച് വർഷങ്ങൾക്ക് മുമ്പ് നമ്മൾ തയ്യാറാക്കിയിട്ടുള്ളൊരു രീതിയാണ്. വർത്തമാനകാലഘട്ടത്തിൽ മൊത്തത്തിൽ വരുന്ന മാറ്റത്തിനനുസരിച്ച ആ രീതിയിൽ എന്തെങ്കിലും മാറ്റം വരുത്തണോ എന്ന കാര്യം നമുക്ക് പരിശോധിക്കാം. മാത്രമല്ല, പല ഘട്ടങ്ങളിലും ചർച്ച ചെയ്ത അവസരത്തിൽ താലൂക്ക് അടിസ്ഥാനത്തിൽ റാങ്ക് ലിസ്റ്റ് തയ്യാറാക്കണം, പ്രദേശിക അടിസ്ഥാനത്തിൽ തയ്യാറാക്കണം എന്നെല്ലാമുള്ള പല അഭിപ്രായങ്ങളും ഉയർന്നുവന്നിട്ടുണ്ട്. അതെല്ലാം വച്ചുകൊണ്ട് ഒരു പഠനം നടത്തുന്നതിൽ തെറ്റില്ല. തീർച്ചയായും ഹയർ സെക്കണ്ടറിയിൽ കുറച്ചുംകൂടി സുതാര്യമായി, ഇപ്പോൾ ഉയർന്നുവന്നിട്ടുള്ള പരാതികൾ ഒഴിവാക്കിക്കൊണ്ട് എങ്ങനെ പ്രവേശനം നടത്താം എന്നതിനെ സംബന്ധിച്ചിടത്തോളം ഒരു പരിശോധന നടത്തുന്നതിനായി ഗവൺമെന്റ് തയ്യാറാണ് എന്ന കാര്യം ഞാൻ സൂചിപ്പിക്കുകയാണ്.

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, ഇന്നലെ വിദ്യാർത്ഥി നേതാക്കളെ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന്റെ മുറിയിൽ വിളിച്ച് അവരോട് ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രിയുമായുള്ള ചർച്ചയിൽ കഴിയുന്നത്ര കൺസ്ട്രക്ടീവായിട്ടുള്ള സ്റ്റാന്റ് എടുക്കാനും വെറുതെ ബഹളമുണ്ടാക്കി ഇറങ്ങിപ്പോരാൻ നിൽക്കേണ്ടെന്നും വിഷയത്തിന് പരിഹാരം ഉണ്ടാകുന്ന രീതിയിൽ ചർച്ചയിൽ കൺസ്ട്രക്റ്റീവായി പങ്കെടുക്കാനും ഉപദേശിച്ചിരുന്നു. അതിൻപ്രകാരമാണ് അവർ അങ്ങോട്ട് വന്നത്. അവർ അങ്ങനെത്തന്നെ ചെയ്യുകയും ചെയ്തു. പക്ഷേ ഇതിലുള്ളൊരു പ്രശ്നം, ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി മനസ്സിലാക്കേണ്ടതുണ്ട്. ഇത് മലപ്പുറം ജില്ലയുടെ പ്രശ്നമാക്കി ചുരുക്കി പറഞ്ഞുകൊണ്ടിരിക്കേണ്ട കാര്യമില്ല. കാരണം, എന്റെ അഭിപ്രായത്തിൽ ഇടുക്കി ഉൾപ്പെടെ വിദ്യാഭ്യാസപരമായി വളരെ പിന്നാക്കം നിൽക്കുന്ന ജില്ലകളിലൊക്കെ ക്വാളിറ്റി എഡ്യൂക്കേഷൻ നൽകാൻ, മാർക്കുള്ള കുട്ടികൾക്ക് സീറ്റ് നൽകാൻ കഴിയാത്ത സ്ഥിതിയുണ്ട്. കോഴിക്കോട്, പാലക്കാട് ജില്ലകളിലും അത്തരമൊരു അവസ്ഥയില്ലേ; തേങ്ങ കുട്ടിയിടുന്നതുപോലെ ഇത്ര സീറ്റുണ്ട്, ഇത്രയെ ആവശ്യമുള്ളൂ എന്നുപറഞ്ഞ്

ഉദ്യോഗസ്ഥർ എഴുതിത്തരുന്ന കണക്കിന് ജനപ്രതിനിധികളായ നമ്മൾ പറയുന്ന പ്രായോഗിക പ്രശ്നവുമായി സത്യത്തിൽ ഒരു ബന്ധവുമില്ല. സാമ്പത്തിക ചെലവാണ് പ്രശ്നമെങ്കിൽ അതുവച്ച് വർത്തമാനം പറഞ്ഞ് കൂട്ടായി ആലോചിക്കാം. അല്ലാതെ ഈ പ്രശ്നത്തിനെ എങ്ങനെ പ്രാദേശികമായി ലഘൂകരിച്ചുകൊണ്ട് അവിടെനിന്നുള്ള ഒരു കമ്മിറ്റി വച്ച് അവർ തരുന്ന റിപ്പോർട്ടെന്താണെന്ന് നോക്കാം. പാലക്കാട് ജില്ലയിൽ ഏറ്റവും കൂടുതൽ പ്രശ്നമുണ്ട്. കോഴിക്കോട് ജില്ലയിൽ അതിനേക്കാൾ പ്രശ്നമുണ്ട്. കാസർഗോഡുമുണ്ട്. നിങ്ങൾക്ക് അത്രമതി എന്നുള്ളൊരു സമീപനം കുട്ടികളോട് എടുക്കാൻ പറ്റുമോ; ഇത് വളരെ ഗൗരവമുള്ളതാണ്. ഇന്നലെ തീരുമാനം വന്നതിനുശേഷമുള്ള മീഡിയാ റിപ്പോർട്ടുകളൊക്കെ പരിശോധിച്ചാൽ അറിയാം. ആ പ്രഖ്യാപനത്തിൽ ഇങ്ങനെയൊരു അപാകതയുണ്ട്. 5-ാം തീയതി റിപ്പോർട്ട് വരുന്നതിനുമുമ്പ് യഥാർത്ഥ പ്രശ്നം ഒന്ന് അഡ്രസ് ചെയ്യണം. ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി, ഈ ഉദ്യോഗസ്ഥർ പറയുന്ന കണക്കല്ലാതെ എന്താണ് ഈ ജില്ലകളിലൊക്കെയുള്ള പ്രശ്നമെന്ന് ഒന്ന് പഠിക്കണം. സർക്കാർ സ്കൂളിൽ കൊടുത്താൽ മതി. പക്ഷേ അത്രയധികം പണം

സർക്കാരിന് ചെലവാക്കാൻ കഴിയുമോ; അതുകൊണ്ടാണ് എയ്ഡഡ് സ്കൂളിന്റെ പ്രശ്നം വരുന്നത്. എയ്ഡഡ് സ്കൂളിൽ വരുമ്പോൾ ശമ്പളം നൽകേണ്ട വിഷയമുണ്ട്. സ്ഥിരം പോസ്റ്റ് വരുമ്പോൾ വലിയ ചെലവ് വരും. ഇത് പറഞ്ഞാൽ എല്ലാവർക്കും മനസ്സിലാവില്ല. അതുകൊണ്ട് അക്കാര്യം ആ രീതിയിൽ കണ്ട് ഈ വിഷയത്തെ സംബന്ധിച്ച് ഒരു അജണ്ട വച്ച് ചർച്ച ചെയ്യണം. അതാണ് വിദ്യാഭ്യാസ വകുപ്പുമന്ത്രിക്ക് ആവശ്യം. മറ്റുള്ള frustrations ഒക്കെയാണ് അദ്ദേഹത്തെക്കൊണ്ട് ഇങ്ങനെ പറയിപ്പിക്കുന്നത്. അത് ഞങ്ങൾക്കും അറിയാം. അദ്ദേഹത്തിന് നെഗറ്റീവ് സ്റ്റാന്റല്ല. പക്ഷേ ഇതിനെ ഗൗരവത്തോടെ എടുക്കാതെ മലപ്പുറം ജില്ലയിലുള്ളതാണ് എന്ന് ആവർത്തിച്ച് പറയുന്നത് ആരോഗ്യപരമല്ല. അതുകൊണ്ട് ഇക്കാര്യത്തിൽ ഒരു തിരുത്ത് ആവശ്യമുണ്ട്. ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി അതിന് തയ്യാറാകുമോ എന്നതാണ് എന്റെ ചോദ്യം?

<u>ശ്രീ. വി. ശിവൻകുട്ടി</u>: സർ, അങ്ങ് പറഞ്ഞതെല്ലാം നമുക്ക് പരിശോധിക്കാം. അതൊന്നും ഞാനിപ്പോൾ തള്ളിക്കളയുന്നില്ല. പക്ഷേ, അങ്ങ് എന്നെക്കാൾ സീനിയർ ആയ പൊളിറ്റിക്കൽ ലീഡറാണ്. എന്നെക്കാൾ

കൂടുതൽ പ്രാവശ്യം മന്ത്രിയായും എം.എൽ.എ. ആയും ഇരുന്നിട്ടുള്ള ആളാണ്. ഞാൻ അത്രയും പ്രാവശ്യം ഇരുന്നിട്ടില്ല. ഉദ്യോഗസ്ഥർ വന്ന് പറഞ്ഞാൽ അതുമാത്രം അംഗീകരിക്കുന്നവരാണോ ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിയും ഞാനുമൊക്കെ; അതൊക്കെ അംഗീകരിക്കുന്നത് വളരെ കുറവായിരിക്കും. ഈ ബ്യൂറോക്രെസിയുടെ രീതി നമുക്കറിയില്ലേ; നമുക്ക് അവരെയങ്ങ് പരിപൂർണ്ണമായി വിശ്വസിക്കാൻ സാധിക്കുമോ; ഉപേക്ഷിക്കാനും പറ്റില്ല. അതുകൊണ്ട് കൊണ്ടുത്തരുന്ന കണക്ക് 10 പ്രാവശ്യം പരിശോധിക്കും. പലരുടെയും അടുത്ത് കൊടുത്ത് രഹസ്യമായി ചെക്ക് ചെയ്യും. അതിനുശേഷമേ പറയുകയുള്ളൂ. അങ്ങും അതുതന്നെയാണ് ചെയ്തുകൊണ്ടിരിക്കുന്നത്. ഞാനും അതുതന്നെയാണ് ചെയ്തുകൊണ്ടിരിക്കുന്നത്. അതിൽ എന്തെങ്കിലും കുറവുണ്ടെങ്കിൽ നമുക്ക് നോക്കാം.

രണ്ടുമൂന്ന് പ്രാവശ്യം മലപ്പുറം ജില്ലയിലെ കണക്ക് പറഞ്ഞതുകൊണ്ട് വീണ്ടും അത് ആവർത്തിക്കുന്നില്ല. വിദ്യാർത്ഥി സംഘടനാ നേതാക്കളുമായി ബന്ധപ്പെട്ട യോഗം കൂടിയപ്പോൾ അങ്ങും ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവുമെല്ലാം ഇടപെട്ടിരുന്നു. അതിന്റെ ഒരു ശാന്തത അവരിൽ

കാണാൻ കഴിഞ്ഞു. അപ്പോഴെനിക്ക് മനസ്സിലായി, എന്നെ 10 മിനിട്ട് തടഞ്ഞിട്ടത് ആര് പറഞ്ഞിട്ടാണെന്നുള്ളത്. ഏറ്റവും ശാന്തമായി അഭിപ്രായം പറഞ്ഞത് കെ.എസ്.യു., എം.എസ്.എഫ്. പ്രതിനിധികളാണ്. യോഗത്തിൽ നടന്ന കാര്യങ്ങൾ മാത്രമാണ് അവർ പത്രസമ്മേളനത്തിലും പറഞ്ഞത്. 7478 സീറ്റിന്റെ കുറവ് ഉണ്ടെന്നുള്ള വിവരം ഞങ്ങൾ പൊതുവിൽ അംഗീകരിച്ചായിരുന്നു. അലോട്ട്മെന്റ് കിട്ടിയശേഷം ചേരാത്ത കണക്കിനെ സംബന്ധിച്ചും ചെറിയൊരു തർക്കമുണ്ടായിരുന്നു. ആ തർക്കം അവിടെ നിൽക്കട്ടെ. നമുക്ക് പിന്നെ പരിഹരിക്കാം. അങ്ങ് പറഞ്ഞതുപോലെ, ഇത് മലപ്പുറത്തിന്റെ മാത്രം വിഷയമല്ല. നമ്മുടെ സംസ്ഥാനത്താകെയുള്ള വിഷയമാണ്. മലപ്പുറത്ത് ഏറ്റവും കൂടുതൽ കുട്ടികൾ പരീക്ഷ എഴുതുന്നു. ഏറ്റവും കൂടുതൽ കുട്ടികൾക്ക് എ പ്ലസ് കിട്ടുന്നു. അതുകൊണ്ടാണ് അവിടെ ഈ പ്രശ്നം വരുന്നത്. അങ്ങേയ്ക്ക് ഇഷ്ടപ്പെടുമോ എന്നെനിക്കറിയില്ല, 2004-ൽ ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ വിദ്യാഭ്യാസ വകുപ്പുമന്ത്രി ആയിരുന്ന ഘട്ടത്തിലാണ് ഗ്രേഡിംഗ് രീതി നടപ്പിലാക്കിയത്. അന്നുമുതലാണ് മൂല്യ നിർണ്ണയത്തിന് ഗ്രേഡിംഗ് രീതി വന്നത്. അതിന്റെ വിശദാംശങ്ങൾ ഞാൻ പറയുന്നില്ല.

തിരുവനന്തപുരം ജില്ലയിൽ സീറ്റുകൾ കുറവില്ല. അവിടെ പ്രവേശനം ലഭിച്ചവർ 30688. കൊല്ലം ജില്ലയിൽ പ്രവേശനം ലഭിച്ചവർ 25115, കുറവില്ല. പത്തനംതിട്ടയിൽ 10285, കുറവില്ല. ആലപ്പുഴ ജില്ലയിൽ 18572, കുറവില്ല. കോട്ടയത്ത് 17229, കുറവില്ല. ഇടുക്കിയിലും എറണാകുളത്തും തൃശ്ശൂരും സീറ്റ് കുറവില്ല. പാലക്കാട് 1757-ഉം മലപ്പുറത്ത് 7478-ഉം സീറ്റിന്റെ കുറവുണ്ട്. കോഴിക്കോട്ടും കണ്ണൂരും വയനാട്ടിലും സീറ്റിന്റെ  കുറവില്ല. കാസർഗോഡ് 252 സീറ്റിന്റെ കുറവുണ്ട്. കുറച്ചൊരു പ്രശ്നം ഉണ്ടെങ്കിൽപ്പോലും കഴിഞ്ഞ വർഷം ചില സ്കൂളുകളിൽ സീറ്റുകൾ വേക്കന്റായി കിടക്കുമല്ലോ. അതുകൊണ്ട് ഒരു ഗുണവുമില്ല. നമ്മുടെ കുട്ടികൾക്ക് പഠിക്കേണ്ടതാണല്ലോ. അങ്ങനെ വന്നുകഴിഞ്ഞപ്പോൾ പ്രത്യേക നിർദ്ദേശം കൊടുത്തു. ഹെഡ്മാസ്റ്റർകൂടി സമ്മതിക്കുകയാണെങ്കിൽ ഞങ്ങൾ കുട്ടികൾക്ക് അപേക്ഷ നൽകുന്നതിനായി സ്പെഷ്യൽ ഓർഡർ നൽകാറുണ്ട്. അങ്ങനെ ഏറ്റവുംകൂടുതൽ വാങ്ങിയിട്ടുള്ളത് കാസർഗോഡുള്ള രണ്ട് എം.എൽ.എ.-മാർ ആണ്. അതുകൊണ്ട് പൊതുവിദ്യാഭ്യാസ രംഗം കൈകാര്യം ചെയ്യുന്നത് കക്ഷിരാഷ്ട്രീയത്തിന് അതീതമായി, നമ്മൾ

എല്ലാവരുംകൂടിയാണ് എന്നുള്ളകാര്യം ഇപ്പോൾ നമുക്ക് ബോധ്യപ്പെട്ടല്ലോ; അതുകൊണ്ട് നമുക്ക് സഹകരിച്ച് മുന്നോട്ട് പോകാം.

ശ്രീ. കെ. വി. സുമേഷ്: സർ, കേരളത്തിലെ രക്ഷകർത്താക്കളിൽനിന്നും വിദ്യാർത്ഥികളിൽനിന്നുമൊക്കെ ഉയർന്നുവരുന്ന ഒരു പ്രധാനപ്പെട്ട ആക്ഷേപം, മികച്ച വിജയം നേടിയ വിദ്യാർത്ഥികൾക്ക് അവർക്ക് ഇഷ്ടമുള്ള വിഷയത്തിൽ സ്കൂളിൽ അഡ്മിഷൻ ലഭിക്കുന്നില്ല എന്നുള്ളതാണ്. ഈ വിമർശനത്തിന്റെ വസ്തുത എന്താണെന്നുള്ളതാണ് ബഹുമാനപ്പെട്ട മന്ത്രിയോട് എനിക്ക് ചോദിക്കുവാനുള്ളത്?

ശ്രീ. വി. ശിവൻകുട്ടി: സർ, ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ അവർക്ക് ഇഷ്ടമുള്ള കോഴ്സ്, ഇഷ്ടമുള്ള സ്കൂൾ, ഇഷ്ടമുള്ള വിദ്യാഭ്യാസ സ്ഥാപനത്തിൽ അഡ്മിഷൻ കിട്ടുന്നില്ല എന്നൊക്കെ പറയുന്നതൊരു പ്രശ്നമാണെങ്കിലും പത്താം ക്ലാസ്സുവരെ എല്ലാ കുട്ടികളും ഒരുപോലെ എല്ലാ വിഷയങ്ങളും പഠിക്കണം. എന്നാൽ പ്ലസ്‌വൺ, പ്ലസ്ടു ക്ലാസ്സുകൾ അങ്ങനെയല്ല. ഉന്നതവിദ്യാഭ്യാസ അടിസ്ഥാനത്തിൽ നടക്കുന്ന വിഷയപഠനവുമായി ബന്ധപ്പെടുത്തുന്ന തരത്തിലാണ് പ്രസ്തുത ക്ലാസ്സുകളിലെ

പഠനത്തെ നിലവിൽ ക്രമീകരിച്ചിരിക്കുന്നത്. അതുകൊണ്ടുതന്നെ വിവിധ വിഷയങ്ങളുടെ കൂട്ടം എന്നനിലയിലാണ് ഹയർ സെക്കൻഡറി കോഴ്സുകൾ എന്നുപറയുന്നത്. അത് ശാസ്ത്രം, ഹ്യൂമാനിറ്റീസ്, കൊമേഴ്സ് എന്ന തരത്തിലാണുള്ളത്. അതുകൊണ്ടുതന്നെ വിവിധ സ്കൂളുകളിൽ വിവിധ വിഷയ കോമ്പിനേഷനാണ് ഉണ്ടാകുക. അങ്ങനെ വൈവിധ്യമാർന്ന വിഷയ കോമ്പിനേഷൻ ഉള്ളതിനാൽ പത്താം ക്ലാസുവരെ ഇല്ലാത്തവിധം സെലക്ഷൻ പ്രക്രിയകളിലൂടെ കുട്ടികൾ കടന്നുപോകേണ്ടിവരും. മെറിറ്റ് സീറ്റിലേയ്ക്ക് കൃത്യമായ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ കമ്പ്യൂട്ടർ സാങ്കേതിക വിദ്യ ഉപയോഗിച്ചാണ് തെരഞ്ഞെടുപ്പ് നടത്തുന്നത്. മാനദണ്ഡങ്ങൾ എന്താണെന്ന് പ്രോസ്പെക്ടസിൽ കൃത്യമായി രേഖപ്പെടുത്തിയിട്ടുണ്ട്. എല്ലാ കോഴ്സുകൾക്കും അക്കാദമികമായി തുല്യപ്രധാന്യമാണുള്ളത്. ഏതെങ്കിലും ചില കോഴ്സുകളിലേയ്ക്ക് മാത്രം കാര്യങ്ങളെ പരിമിതപ്പെടുത്തുന്നത് ശരിയല്ല. അതാണ് ഇതിൽ ഏറ്റവും പ്രധാനപ്പെട്ട കാര്യം. കമ്പ്യൂട്ടർ സാങ്കേതിക വിദ്യകളിലൂടെയാണ് പ്രവേശന നടപടികൾ ക്രമീകരിക്കുന്നത്. അതിനെ സംബന്ധിച്ചുള്ള ഒരു പരാതിയും വന്നിട്ടില്ല. നമ്മുടെ മുന്നിലുള്ള കാര്യം പത്താം ക്ലാസ്സ് പാസ്സായി വരുന്ന എല്ലാ

കുട്ടികളും പ്ലസ് വണ്ണിന് പഠിക്കുന്നുണ്ടോ ഐ.റ്റി.ഐ.-യിൽ പോകുന്നുണ്ടോ പോളിടെക്നിക്കിൽ പോകുന്നുണ്ടോ അല്ലെങ്കിൽ എസ്.എസ്.എൽ.സി. കഴിഞ്ഞ ശേഷമുള്ള ഒരുപാട് മറ്റുകോഴ്സുകളുണ്ട് അതിനുപോകുന്നുണ്ടോ, സ്കോൾ കേരളയുടെ കോഴ്സിന് പോകുന്നുണ്ടോ? പലപ്പോഴും അത്തരം കോഴ്സുകളെ അംഗീകരിക്കുന്നതിന് പലരും തയ്യാറാകുന്നില്ല. ഇത് പ്രശ്നം കഴിഞ്ഞശേഷം പിന്നെ അംഗീകരിക്കുന്നു എന്നുള്ളതാണ് സൂചിപ്പിക്കാനുള്ളത്.

<u>ശ്രീ. മുഹമ്മദ് മുഹസിൻ:</u> പലക്കാട് ജില്ലയിൽ പട്ടാമ്പിയെ പ്രത്യേകം പരിഗണിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. കേരളത്തിൽ പല ഹയർ സെക്കൻഡറി സ്കൂളുകളിലും ഒരു ക്ലാസ്സിൽ അറുപതിലധികം കുട്ടികൾ പഠിക്കുന്നുണ്ട്. എന്നാൽ ചില സ്കൂളുകളിൽ പല ബാച്ചുകളിലും ആവശ്യത്തിനുള്ള കുട്ടികളില്ല എന്നുള്ള പ്രശ്നമുണ്ട്. ഇത് വിവിധ സ്കൂളുകളിലുണ്ട്. അഡ്മിഷന്റെ കാര്യങ്ങൾ ചർച്ച നടക്കുമ്പോൾ ഇതുകൂടി പരിഹരിക്കാനുള്ള നടപടി സ്വീകരിക്കുമോ? ശരിക്കും അങ്ങനെയൊരു വിഷയം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ?

<u>ശ്രീ. വി. ശിവൻകുട്ടി:</u> അങ്ങ് പറഞ്ഞതുശരിയാണ്. എല്ലാ സ്കൂളുകളിലും എല്ലാ ക്ലാസുകളിലും 60-ഉം 70-ഉം കുട്ടികളില്ല. 15-ഉം 25-ഉം കുട്ടികളുള്ള

ക്ലാസുകളുണ്ട്. നമുക്കതെല്ലാം ഒന്ന് റീഅറൈഞ്ച് ചെയ്യാമെന്ന് പറഞ്ഞാൽ അത് ഏതെങ്കിലും എം.എൽ.എ.മാർ സമ്മതിക്കുമോ? സമ്മതിക്കുന്ന പ്രശ്നമില്ല. അതുകൊണ്ട് അങ്ങ് സൂചിപ്പിച്ചതുപോലെ പത്തിനുമുകളിൽ കുട്ടികൾ പഠിക്കുന്ന സ്കൂളുകളുണ്ട്. 25-ന് മുകളിൽ കുട്ടികൾ പഠിക്കുന്ന സ്കൂളുകളുണ്ട്. 65-ഉം 70-ഉം കുട്ടികൾ പഠിക്കുന്ന സ്കൂളുകളുണ്ട്. ഇത്തരം നമ്പറുകളിലുള്ള കുട്ടികൾ പഠിക്കുന്ന സ്കൂളുകളിലെ ബാച്ച് ഇല്ലാത്ത ജില്ലകളിലേയ്ക്ക് മാറ്റുന്നതിനുവേണ്ടി നിയമസഭ തീരുമാനിച്ചാൽ മതി നമുക്കത് നടപ്പിലാക്കാം.

**തിരുവനന്തപുരം നഗരത്തിലെ സ്മാർട്ട് റോഡ് നിർമ്മാണം**

(*243) ശ്രീ. ചാണ്ടി ഉമ്മൻ:
ശ്രീ. അൻവർ സാദത്ത്:
ശ്രീ. എം. വിൻസെന്റ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി പറയാമോ?

(എ) തിരുവനന്തപുരം നഗരത്തിലെ സ്മാർട്ട് റോഡ് നിർമ്മാണം നീണ്ടുപോകുന്നത് കാരണം ജനങ്ങൾ നേരിടുന്ന ബുദ്ധിമുട്ട് ഗൗരവത്തോടെ കാണുന്നുണ്ടോ;

(ബി) 2024 മാർച്ചിൽ പ്രസ്തുത നിർമ്മാണ പ്രവൃത്തി പൂർത്തീകരിക്കും എന്ന ഉറപ്പ് പാലിക്കുവാൻ സാധിക്കാത്തതിന്റെ കാരണം വിശദമാക്കുമോ;

(സി) പ്രസ്തുത നിർമ്മാണ പ്രവൃത്തി യുദ്ധകാലാടിസ്ഥാനത്തിൽ പൂർത്തിയാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

(എ & ബി) കേരള റോഡ് ഫണ്ട് ബോർഡ് മുഖേന തിരുവനന്തപുരം നഗരത്തിലെ 63 പൊതുമരാമത്ത് റോഡുകൾ സ്മാർട്ട് റോഡ് ആയി വികസിപ്പിക്കുന്ന പദ്ധതിയുടെ നടത്തിപ്പിൽ മുൻ കരാറുകാർ വീഴ്ച വരുത്തിയ സാഹചര്യത്തിൽ പെർഫോമൻസ് ഗ്യാരണ്ടി കണ്ടുകെട്ടി കരാർ റദ്ദ് ചെയ്യുകയും തുടർന്ന് സ്മാർട്ട് സിറ്റി മിഷൻ കാലാവധിക്കുള്ളിൽ പൂർത്തീകരിക്കുക എന്ന ലക്ഷ്യത്തോടെ 40 PWD റോഡുകൾ വികസിപ്പിക്കുന്നതിനായി പദ്ധതി തയ്യാറാക്കുകയുമുണ്ടായി. പദ്ധതിയിൽ ഉൾപ്പെട്ട എല്ലാ സ്മാർട്ട് റോഡുകളിലും ഓടകൾക്കു പുറമെ ഡ്രെയിനും ചേംബറും നിർമ്മിക്കാൻ ആഴത്തിൽ എസ്കവേഷൻ നടത്തേണ്ടി വന്നിട്ടുണ്ട്. നിലവിൽ ഉള്ള ലൈവ് യൂട്ടിലിറ്റി ലൈനുകൾ തകരാറിൽ ആകാതെ കുഴി എടുക്കുക എന്നത് വളരെ ശ്രമകരമാണ്. വ്യത്യസ്ത കാലഘട്ടങ്ങളിൽ മാനദണ്ഡങ്ങൾ പാലിക്കാതെ ഇട്ടിരിക്കുന്ന യൂട്ടിലിറ്റി ലൈനുകളിൽ അപ്രതീക്ഷിതമായി തകരാറുസംഭവിക്കുന്നതും തൻമൂലം പദ്ധതി

നിർവഹണം തടസമാകുന്നതും പ്രവർത്തിയുടെ പുരോഗതിയെ സാരമായി ബാധിച്ചിട്ടുണ്ട്.

തലസ്ഥാന റോഡുകൾ മികച്ച നിലയിൽ നവീകരിക്കുക എന്ന ലക്ഷ്യത്തോടെയാണ് കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് സ്മാർട്ട്സിറ്റി പദ്ധതിയിൽ ഉൾപ്പെടുത്തി സ്മാർട്ട് റോഡുകൾ നിർമ്മിക്കുന്നതിന് തീരുമാനിച്ചത്. പൊതുമരാമത്ത് വകുപ്പിന് കീഴിലെ കെ.ആർ.എസ്.പി. 60 റോഡുകൾ വികസിപ്പിക്കുന്നതിന് സ്മാർട്ട് സിറ്റിയിൽ ഉൾപ്പെടുത്തി കുടിവെള്ള പൈപ്പ് ലൈനുകൾ, ഇലക്ട്രിസിറ്റി കേബിളുകൾ, ടെലിഫോൺ കേബിളുകൾ, ഇന്റർനെറ്റ് കേബിളുകൾ എന്നിവ പ്രത്യേക ഡക്റ്റിലൂടെ കടത്തിവിടുന്നതാണ് പദ്ധതിയിലെ പ്രധാന ഘടകം. ഓവർഹെഡ് ലൈനുകൾ ഒഴിവാക്കി റോഡുകളെ പൂർണ്ണ അർത്ഥത്തിൽ ഉപയോഗിക്കാൻ ഇതിലൂടെ ലക്ഷ്യമിടുന്നു. ഒപ്പം അടിക്കടി റോഡുകൾ കുത്തിപ്പൊളിക്കുന്നത് ഒഴിവാക്കാനും ഈ പദ്ധതിയിലൂടെ സാധിക്കും. ഈ റോഡുകളിലെ സ്വീവറേജ് ലൈനുകൾ ശക്തിപ്പെടുത്തുന്നതിനും പദ്ധതി ഉണ്ട്. മികച്ച നടപ്പാതകൾ, വഴിവിളക്കുകൾ, കൈവരികൾ, റോഡ് സുരക്ഷ, സൈക്കിൾട്രാക്ക്, ലാൻഡ് സ്കേപ്പിംഗ്,

പാർക്കിംഗ് ഇംപ്രൂവ്മെന്റ് എന്നിവയും സ്മാർട്ട് റോഡുകളുടെ ഭാഗമായി നടപ്പിലാക്കുന്നുണ്ട്.

നഗരത്തിൽ കെ.ആർ.എസ്.പി.യ്ക്ക് കീഴിലെ റോഡുകൾ സ്മാർട്ട് റോഡ് ആക്കി മാറ്റുന്നതിനുള്ള പദ്ധതി നേരത്തെ ആരംഭിച്ചിരുന്നു. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ആരംഭിച്ച ഈ പദ്ധതി അന്നത്തെ കരാറുകാരൻ കൃത്യമായി പ്രവൃത്തി നടത്താതെ അലംഭാവം കാട്ടിയതിനെ തുടർന്ന് കരാറുകാരനെ നഷ്ടോത്തരവാദിത്തത്തിൽ ടെർമിനേറ്റ് ചെയ്യുകയും പെർഫോർമൻസ് ഗ്യാരന്റി കണ്ടുകെട്ടുകയും ചെയ്തു. തുടർന്ന് പൊതുമരാമത്ത് വകുപ്പിന് കീഴിലെ കെ.ആർ.എസ്.പി.യിലെ 12 റോഡുകൾ സ്മാർട്ട് റോഡ് ആയി മാറ്റുന്നതിനും 28 റോഡുകൾ ഉന്നതനിലവാരത്തിൽ നവീകരിക്കുന്നതിനും തീരുമാനിച്ചു. പ്രവൃത്തി നടത്തിപ്പ് വേഗത്തിലാക്കുന്നതിന് ഓരോ റോഡിനും പ്രത്യേകമായി ടെണ്ടർ നടപടികളാണ് സ്വീകരിച്ചത്. ഇതനുസരിച്ച് ആദ്യഘട്ടത്തിൽ രണ്ട് റോഡുകൾ സ്മാർട്ടായി വികസിപ്പിക്കുവാൻ തീരുമാനിച്ചു. മാനവീയം വീഥി കേരളത്തിലെ ആദ്യ നൈറ്റ് ലൈഫ് കേന്ദ്രം എന്നുള്ള നിലയിൽ അറിയപ്പെടും. സാംസ്കാരിക ഇടനാഴിയായി വികസിപ്പിച്ച

മാനവീയം വീഥി രാജ്യാന്തര ശ്രദ്ധ നേടുന്ന ഇടമായി മാറി. ഇതിനുശേഷമാണ് മറ്റ് 10 റോഡുകളുടേയും പ്രവർത്തി ആരംഭിച്ചത്. ഈ 10 റോഡുകൾക്കും പൂർത്തീകരണ കാലാവധി വ്യത്യസ്തമാണ്. ഡിസംബർ മുതൽ ഏപ്രിൽ വരെയുള്ള കാലയളവാണ് റോഡ് പ്രവർത്തിക്ക് ലഭിക്കുക എന്നതിനാൽ റോഡുകളിൽ ഒന്നിച്ച് പ്രവൃത്തി ആരംഭിച്ചു. ഈ റോഡുകൾ വേഗത്തിൽ ഗതാഗതയോഗ്യമാക്കാനാണ് സ്മാർട്ട് സിറ്റിയും, കെ.ആർ.എസ്.പി.-യും തീരുമാനിച്ചത്. ഇതനുസരിച്ച് പ്രവർത്തികൾ മുന്നോട്ട് കൊണ്ടു പോകാനായി നിലവിൽ ഭൂരിഭാഗം റോഡുകളും (40 ൽ 38 റോഡുകളും) ഗതാഗതയോഗ്യമാക്കിയിട്ടുണ്ട്.

സ്മാർട്ട് സിറ്റി പദ്ധതിയിൽ ഉൾപ്പെട്ട റോഡുകളിൽ ഓടകൾക്ക് പുറമെ ഡ്രെഞ്ചും ചേമ്പറും നിർമ്മിക്കുവാൻ ആഴത്തിൽ കുഴിയെടുക്കേണ്ടി വന്നിട്ടുണ്ട്. നിലവിൽ കുടിവെള്ളത്തിനുള്ള നിരവധി പൈപ്പ് ലൈനുകൾ, ഇലക്ട്രിസിറ്റി, ഫോൺ കേബിൾ, ഇന്റർനെറ്റ് കേബിളുകൾ മുതലായവ വീതി കുറഞ്ഞ റോഡുകൾക്ക് അടിയിലായിരുന്നു ഉണ്ടായത്. ഇവ ക്രമരഹിതമായി സ്ഥാപിച്ചിരുന്നു എന്നതിനാൽ പ്രവൃത്തി നടക്കുമ്പോൾ യൂട്ടിലിറ്റി ലൈനുകളിൽ

തകരാർ സംഭവിക്കുന്നത് വലിയ വെല്ലുവിളിയാണ് സൃഷ്ടിച്ചത്. നിരന്തരം ഇത്തരം പ്രശ്നങ്ങൾ ഉണ്ടായത് പല ഇടങ്ങളിലും പ്രവൃത്തി പുരോഗതിയെ ബാധിച്ചിട്ടുണ്ട്. വിവിധ വകുപ്പുകളുടെ കൂടി ഏകോപനത്തോടെ ജനങ്ങൾക്കുള്ള ബുദ്ധിമുട്ടുകൾ പരമാവധി ലഘൂകരിക്കുവാൻ ശ്രമിച്ചാണ് പ്രവൃത്തി നടത്തിയത്. റോഡ് പ്രവൃത്തി പൂർത്തിയായ ഇടങ്ങളിൽ മറ്റു പ്രവർത്തികൾ ആരംഭിച്ചു.

അട്ടക്കുളങ്ങര റോഡിൽ പ്രവൃത്തി ആരംഭിച്ച ശേഷം ഓപ്പറേഷൻ അനന്തയുടെ ഭാഗമായി നിലവിൽ ഡിസൈൻ ചെയ്ത ഓടയുടെ ഡിസൈൻ മാറ്റാൻ ജില്ലാകളക്ടർ നിർദ്ദേശിച്ചു. കൂടുതൽ വീതിയിൽ ഓട നിർമ്മിക്കുന്ന പ്രവർത്തി അവിടെ തുടരുകയാണ്.

(സി)പ്രസ്തുത നിർമ്മാണ പ്രവൃത്തി യുദ്ധകാലാടിസ്ഥാനത്തിൽ പൂർത്തിയാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

പൊതുമരാമത്ത് വകുപ്പിന് കീഴിലെ സ്മാർട്ട് സിറ്റി റോഡ് പ്രവൃത്തി കൃത്യമായി വിലയിരുത്തിയാണ് മുന്നോട്ടു പോയത്. മന്ത്രിതലത്തിൽ നിശ്ചിത ഇടവേളകളിൽ യോഗം നടത്തി പ്രവൃത്തി വിലയിരുത്തി. റോഡ് പ്രവർത്തി

ഇടങ്ങളിൽ നേരിട്ടെത്തിയും മന്ത്രിതല അവലോകനം സാധ്യമാക്കി. റോഡ് പ്രവർത്തികൾ വിലയിരുത്തുവാൻ സെക്രട്ടറി തലത്തിലും അവലോകന യോഗങ്ങളും പരിശോധനയും സംഘടിപ്പിച്ചു. വകുപ്പുകളുടെ ഏകോപനം ഉറപ്പാക്കുന്നതിന് ഓരോ ഘട്ടത്തിലും ഇടപെടാൻ സെക്രട്ടറിതല സമിതി രൂപീകരിക്കുകയും കൃത്യമായി ഇടപെടുകയും ചെയ്തു. കരാർ കൺസൾട്ടന്റ്, KRFB എഞ്ചിനീയർമാരുടെ പ്രവർത്തനം സൈറ്റുകളിൽ ഉറപ്പാക്കി. അവരോടൊപ്പം KRFB, സ്മാർട്ട് സിറ്റി എന്നിവിടങ്ങളിലെ ഉന്നത ഉദ്യോഗസ്ഥരുടെ പരിശോധനകളും കൃത്യമായി പ്രവർത്തി പുരോഗതിക്ക് സഹായകരമായി.

ശ്രീ. ചാണ്ടി ഉമ്മൻ ചൂണ്ടിക്കാട്ടിയതുപ്രകാരം <u>ഡോ. മാത്യു കുഴൽനാടൻ:</u> അങ്ങിവിടെ ചോദ്യത്തിന് മറുപടി പറഞ്ഞതിൽ ഇതൊന്നും foresee ചെയ്യാൻ പറ്റാത്ത കാര്യങ്ങളല്ല. ഇവിടെ ടേബിൾ ചെയ്തിരിക്കുന്ന മറുപടിയിൽ പറഞ്ഞിട്ടുള്ളൊരു കാര്യം അട്ടക്കുളങ്ങര റോഡിൽ പ്രവർത്തിയാരംഭിച്ച ശേഷം ഓപ്പറേഷൻ അനന്തയുടെ ഭാഗമായി നിലവിൽ ഡിസൈൻ ചെയ്ത് ഓടയുടെ ഡിസൈൻ മാറ്റാൻ ജില്ലാ കളക്ടർ

നിർദ്ദേശിച്ചുവെന്നാണ്. That shows lack of professionalism. നിങ്ങളൊരു ഡിസൈൻ ചെയ്തിട്ട് അത് പകുതിക്ക് വച്ച് മാറ്റാൻ പറഞ്ഞാൽ ഒരു കോൺട്രാക്ടർക്ക് എങ്ങനെ സമയത്ത് പൂർത്തിയാക്കാൻ കഴിയും. എന്നിട്ട് നിങ്ങൾ നഷ്ടഉത്തരവാദിത്തം അവരുടെ മേൽ കാണിക്കുന്നു. അപ്പോൾ ഇതുകാണിക്കുന്നത് പി.ഡബ്ല്യു.ഡി. വേണ്ടത്ര അവധാനതയോടുകൂടി ഹോംവർക്ക് ചെയ്യാതെ, ഡിസൈൻ പ്രോപ്പറായി ചെയ്യാതെ ഒരു lack of professionalism inefficiency-യാണ് ഈ കാലതാമസം വന്നതിനുകാരണം. അല്ലാതെ അങ്ങുപറഞ്ഞ എല്ലാ കാര്യങ്ങളും നമുക്ക് foresee ചെയ്യാൻ പറ്റാത്ത കാര്യങ്ങളല്ലല്ലോ? ഇവിടെ കേബിളുകൾ ഉണ്ടെന്നും ട്രെഞ്ച് ആഴത്തിൽ കുഴിക്കേണ്ടിവരുമെന്നും ഡക്ട് ഇടേണ്ടിവരുമെന്നുമൊന്നും foresee ചെയ്യാൻ പറ്റാത്ത കാര്യങ്ങളല്ലല്ലോ. There is no reason stated which delayed the project. അതെന്താണെന്ന് കൃത്യമായി പറയാൻ കഴിയുമോ?

<u>ശ്രീ. പി. എ. മുഹമ്മദ് റിയാസ്:</u> ഇതിന്റെ നാൾ വഴികൾ നേരത്തെ പറഞ്ഞു. കരാറുകാരൻ ഇതുമായി ബന്ധപ്പെട്ടെടുത്ത നിലപാട് തെറ്റായ നിലപാടാണ്. ആ നിലപാട് പരിഹരിക്കാൻ വേണ്ടിയുള്ള ശ്രമങ്ങൾ

നടത്തിയെങ്കിലും സാധിച്ചില്ല. അവസാനം ആ കരാറുകാരനെ ടെർമിനേറ്റുചെയ്യുകയും വിവിധ റോഡുകൾക്ക് വിവിധ ടെൻഡറുകൾ നൽകുകയുംചെയ്തു. ഇതിന്റെ ഭാഗമായി 28 റോഡുകളിൽ 25 റോഡുകളും യുദ്ധകാലാടിസ്ഥാനത്തിലാണ് പ്രവർത്തനം നടന്നത്. മാർച്ച് മാസത്തിനുള്ളിൽ തന്നെ ടാർ ചെയ്ത് ഗതാഗതയോഗ്യമാക്കി. മാനവീയം വീഥിയും കലാഭവൻ മണി റോഡും 2023 ആഗസ്റ്റിൽ ഗതാഗതത്തിന് തുറന്നുകൊടുത്തു. വി.ജെ.ടി. ഹാൾ ഫ്ലൈഓവർ റോഡ് 01-02-2024-ന് തുറന്നുകൊടുത്തു. സ്പെൻസർ ജംങ്ഷൻ എ.കെ.ജി. ജംങ്ഷൻ റോഡ് 21-03-2024-ന് തുറന്നുകൊടുത്തു. സ്റ്റാച്യു ജനറൽ ആശുപത്രി റോഡ് 01-04-2024-ന് തുറന്നുകൊടുത്തു. നോർക്ക ഗാന്ധിഭവൻ റോഡ് 03-04-2024-ന് തുറന്നുകൊടുത്തു. കിള്ളിപാലം അട്ടക്കുളങ്ങര റോഡ് രണ്ടുവരിപാത 14-04-2024-ന് തുറന്നുകൊടുത്തു. തൈക്കാട് ഹൗസ് കീഴേതമ്പാനൂർ മോഡൽസ്കൂൾ മുതൽ ശാസ്ത ക്ഷേത്രംവരെ 15-04-2024-ന് തുറന്നുകൊടുത്തു. ആൽത്തറ മുതൽ ചെന്തിട്ട വരെയുള്ള സി. വി. രാമൻപിള്ള റോഡ് മാർച്ച് മാസം മുതൽതന്നെ ഘട്ടംഘട്ടമായി തുറന്നുകൊടുത്തു. നിലവിൽ ഗതാഗത നിയന്ത്രണമൊന്നും ഈ

റോഡിലില്ല. ജനറൽ ആശുപത്രി വഞ്ചിയൂർ റോഡ് ജനറൽ ആശുപത്രി മുതൽ മാതൃഭൂമി റോഡുവരെ 27-05-2024-നും ശേഷിക്കുന്ന ഭാഗം 19-06-2024-നും തുറന്നുകൊടുത്തു. ഓവർബ്രിഡ്ജ് ഉപ്പിടാംമൂട് റോഡ് 170 മീറ്റർ ഒഴികെ ടാർ ചെയ്ത് ഗതാഗതത്തിനു തുറന്നുകൊടുത്തിട്ടുണ്ട്. ബേക്കറി ജംങ്ഷൻ ഫോറസ്റ്റ് ഓഫീസ് റോഡിൽ ഫോർമേഷൻ പണി പുരോഗമിക്കുന്നു. അന്ന് ആ കരാറുകാരനെ ടെർമിനേറ്റ് ചെയ്യുന്നൊരു നിലപാട് സംസ്ഥാന സർക്കാർ സ്വീകരിച്ചില്ലായിരുന്നെങ്കിൽ ഇന്ന് നമ്മൾ കുഴപ്പത്തിലാകുമായിരുന്നു. അങ്ങനെ മുഖം നോക്കാതെ ഒരുനിലപാട് സ്വീകരിക്കാൻ ഈ സംസ്ഥാനത്ത് സാധിച്ചത് കേരളം ഭരിക്കുന്നത് എൽ.ഡി.എഫ്. സർക്കാർ ആയതുകൊണ്ടാണെന്ന കാര്യത്തിലൊരു സംശയവുമില്ല. ഇതിലെ രണ്ടാമത്തെ പ്രശ്നം ഈ റോഡുകൾ വ്യത്യസ്ത ടെൻഡറുകളായി നൽകിയില്ലായിരുന്നുവെങ്കിൽ എന്താകുമായിരുന്നു സ്ഥിതി? ഇന്നും ഇത് വലിയ പ്രയാസമായി മാറുമായിരുന്നു. ഇതിലൊരു കഠിനാധ്വാനം ഉണ്ടായിട്ടുണ്ട്. ഇതൊരു ടീം വർക്കിന്റെ ഭാഗമായി കഠിനാധ്വാനത്തോടുകൂടി നടത്തിയ ഇടപെടൽ തിരുവനന്തപുരത്തെ ജനങ്ങൾക്കറിയാം. മാധ്യമങ്ങൾ ചില റിപ്പോർട്ട് ഇതുമായി ബന്ധപ്പെട്ട്

കൊടുക്കും. ഞാൻ വായിച്ച ഈ റോഡുകൾ സമയബന്ധിതമായി യുദ്ധകാല അടിസ്ഥാനത്തിൽ പൂർത്തീകരിച്ചതും ഗതാഗത യോഗ്യമാക്കിയതും ഇപ്പറയുന്ന മാന്യമായ മാധ്യമപ്രവർത്തനം നടത്തുന്ന ചിലർ റിപ്പോർട്ട് ചെയ്തിട്ടുണ്ടോ എന്നുചോദിച്ചാൽ റിപ്പോർട്ട് ചെയ്തിട്ടില്ല. കേരളത്തിൽ ഏറ്റവും കൂടുതൽ ചർച്ച ചെയ്യപ്പെടുന്ന പ്രശ്നം ടാർ ചെയ്ത റോഡ് വാട്ടർ അതോറിറ്റിയ്ക്കുവേണ്ടി കുടിവെള്ള പ്രശ്നത്തിന്റെ ഭാഗമായോ മറ്റോ കുഴിക്കുന്നുവെന്നുള്ളതാണ്. ഇതിന് പരിഹാരമാണ് സ്മാർട്ട് സിറ്റി റോഡ്. ഡക്റ്റുകൾ നിർമ്മിച്ചുകൊണ്ട് അതിലെല്ലാം കേബിളുകൾ ഉൾപ്പെടുത്തുന്ന നില. ഇത് സമയബന്ധിതമായി പൂർത്തീകരിക്കാനുള്ള ശ്രമമാണ് സർക്കാർ നടത്തുന്നത്. അത് തുടർന്നും മുന്നോട്ടുപോകുന്ന സ്ഥിതിയുണ്ടാകും എന്നുള്ളത് സഭയെ അറിയിക്കുന്നു.

(ചോദ്യോത്തരസമയം കഴിഞ്ഞു.)

----------------------